കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.dowyd.ksad@kerala.gov.in

# തിരുനെല്ലി ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

വയനാട് ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:dowyd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.(ഡബ്ള്യ.വൈ.ഡി) പി4-367/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

വയനാട്,

തീയതി: 24/07/2017.

ഡെപ്യൂട്ടി ഡയറക്ടർ

വയനാട് ജില്ല.

പ്രസിഡന്റ് (സെക്രട്ടറി മുഖേന )

തിരുനെല്ലി ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം :തിരുനെല്ലി ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരുനെല്ലി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1 ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-7,3-8 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.(ഡബ്ള്യു.വൈ.ഡി) പി4-367/2017

തീയതിഃ 24/07/2017.

വയനാട് ജില്ലയിലെ തിരുനെല്ലി ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ തിരുനെല്ലി ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 18.11.2016 മുതൽ 14.6.2017 വരെയുമുള്ള വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു;

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് . 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ | ശ്രീ . പി.ബി സുരേന്ദ്രൻ<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 15.06.2017 മുതൽ<br>23.06.2017 വരെ |
| ഓഡിറ്റ്<br>നടത്തിയ<br>ഉദ്യോഗസ്ഥർ | ശ്രീ.കെ എ നവാസ്<br>അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ. കെ.വി ഡേവിഡ് |

| | |
|---|---|
| | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ. സമീർ എം<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി ഇന്ദു കെ നായർ<br>ഓഡിറ്റർ |

(ബി) നിർവഹണ അധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി മായാദേവി | 01.04.2016 മുതൽ 31.03.2017 വരെ |
| വൈസ് പ്രസിഡന്റ് | ശ്രീ പി.വി.ബാലകൃഷ്ണൻ | 01.04.2016 മുതൽ 31.03.2017 വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ (വികസന കാര്യം) | ശ്രീമതി സാലി | 01.04.2016 മുതൽ 31.03.2017 വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ (ക്ഷേമകാര്യം) | ശ്രീ അനന്തൻ നമ്പ്യാർ | 01.04.2016 മുതൽ 31.03.2017 വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ (ആരോഗ്യം വിദ്യാഭ്യാസം) | ശ്രീമതി വിജില പ്രദീപ് | 01.04.2016 മുതൽ 31.03.2017 വരെ |

ബി ) നിർവഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ. കെ.രാജീവൻ | 01.04.2016 മുതൽ 31.03.2017 വരെ |
| അസി.സെക്രട്ടറി | ശ്രീ.പി.സന്തോഷ് കുമാർ | 01.04.2016 മുതൽ |

| | | |
|---|---|---|
| | | 23.07.2016വരെ |
| | ശ്രീ. കെ.രാജീവൻ | 24.07.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (പി എച്ച് സി) | ഡോ.പ്രിൻസി വി എസ് | 01.04.2016 മുതൽ 31.12.2016വരെ |
| | ഡോ . ലിസാജ് ടി .പി | 01.01.2017 മുതൽ 31.03.2017 വരെ |
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി.എൽസി കെ.സി | 01.04.2016 മുതൽ 30.04.2016 വരെ |
| | ശ്രീമതി മരിയ എം ബേബി | 01.05.2016മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.സുവനീത് | 01.04.2016 മുതൽ 31.03.2017 വരെ |
| വി ഇ ഒ | ശ്രീ.പ്രിൻസ് മോൻ .എൻ | 01.04.2016 മുതൽ 21.11.2016 വരെ |
| | ശ്രീ ദിനൻ | 22.11.2016 മുതൽ 31.03.2017 വരെ |
| കൃഷി ഓഫീസർ | ശ്രീ.ഗുണശേഖരൻ | 01.04.2016 മുതൽ 31.03.2017 വരെ |
| അസി .എഞ്ചിനീയർ | ശ്രീ.ഷിനോജ് .ടി.വി | 01.04.2016 മുതൽ 31.03.2017 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ.പി.വി.സന്തോഷ് | 01.04.2016മുതൽ 31.03.2017 വരെ |
| മെഡിക്കൽഓഫീസർ (ആയുർവേദം) | ശ്രീ. ഡോ.സുമേഷ് | 01.04.2016മുതൽ 31.03.2017 വരെ |
| മെഡിക്കൽഓഫീസർ ( ഹോമിയോ ) | ഡോ . ബീന ജോസ് | 01.04.2016മുതൽ 31.03.2017 വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|

| | | |
|---|---|---|
| | പൊതു അവലോകനം | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം 2<br><br>വരവുകണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 11 | പെർമിറ്റ് പുതുക്കാത്ത മൊബൈൽ ടവറുകൾ റഗുലറൈസ് ചെയ്തില്ല | 2-1 |
| 12 | കെട്ടിട നിർമ്മാണം - ചട്ടങ്ങൾ പാലിക്കുന്നില്ല . | 2-2 |
| 13 | ആയുർവേദ യോഗവില്ല - വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ | 2-3 |
| 14 | തൊഴിൽ നികുതി - അപാകതകൾ | 2-4 |
| 15 | ഡി & ഒ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 2-5 |
| 16 | അംഗീകാരമില്ലാത്ത ആയുർവേദ ആരോഗ്യകേന്ദ്രങ്ങൾക്ക് ലൈസൻസ് നൽകി | 2-6 |
| | ഭാഗം 3<br><br>ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 17 | കാട്ടിക്കുളം കമ്മ്യൂണിറ്റി ഹാൾ -വൈദ്യുതീകരണം പൂർത്തിയാകുന്നതിന് മുൻപ് ഫർണിച്ചർ,പാത്രങ്ങൾ, മൈക്ക് സെറ്റ് ,ഫർണ്ണിച്ചർ വാങ്ങി. | 3-1 |
| 18 | പൊതുസ്ഥലത്തെ അപകടാവസ്ഥയിലുള്ള മരങ്ങൾ മുറിച്ച് മാറ്റൽ | 3-2 |

| | | |
|---|---|---|
| 19 | വിനിയോഗസാക്ഷ്യപത്രം / പൂർത്തീകരണ സാക്ഷ്യപത്രം /തുക കൈപ്പറ്റിയതിന്റെ രശീതി എന്നിവ ലഭിക്കാത്തത്. | 3-3 |
| 20 | പട്ടിക ജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് മേശ, കസേര,ബാഗും കുടയും - രേഖകൾ ഹാജരാക്കിയില്ല | 3-4 |
| 21 | പട്ടികജാതിക്കാർക്ക് കക്കൂസ് നിർമ്മാണം- സംബന്ധിച്ച് - തടസ്സം 177200 രൂപ | 3-5 |
| 22 | പട്ടിക വർഗ്ഗക്കാർക്ക് കക്കൂസ് നിർമ്മാണം - പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല | 3-6 |
| 23 | പട്ടിക ജാതിക്കാർക്ക് ഭവന നിർമ്മാണം - അനർഹർ തുക കൈപ്പറ്റി | 3-7 |
| 24 | പട്ടിക വർഗ്ഗക്കാർക്ക് ഭവന നിർമ്മാണം - രേഖകൾ ഓഡിറ്റിന് പര്യാപ്തമായ രീതിയിൽ സൂക്ഷിച്ചിട്ടില്ല. | 3-8 |
| 25 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്ന് ലഭിച്ചിട്ടില്ല- തടസ്സം 200000 | 3-9 |
| 26 | മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നും മരുന്ന് ലഭിച്ചില്ല - തടസ്സം 85758 രൂപ | 3-10 |
| 27 | പൂർത്തികരണ കാലാവധിക്ക് ശേഷം നടത്തിയ മരാമത്ത് പ്രവൃത്തികൾക്ക് തുക അനുവദിച്ചത് ക്രമ വിരുദ്ധം | 3-11 |
| 28 | ഗുണഭോക്തൃസമിതികൾ മുഖാന്തിരം നടപ്പിലാക്കിയ നിർമ്മാണപ്രവൃത്തികൾക്ക് അധികമായി വാങ്ങിയ സ്റ്റീൽ പഞ്ചായത്തിൽ ഏൽപ്പിച്ചിട്ടില്ല. | 3-12 |
| | ഭാഗം 4<br><br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 29 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 30 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 32 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 33 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 34 | ഓഡിറ്റ് റിക്കവറി | 4-6 |
| 35 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |

| | | |
|---|---|---|
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 04.03.2016ലെ 97/2016 -ാം നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 07.03.2017 ലെ 01/01-ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.16 | 17.6.2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 25370210 |
| വരവ് | 154434434 |
| ആകെ | 179804644 |
| ചെലവ് | 145700736 |
| നീക്കിയിരിപ്പ് | 34103908 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 20375273 | 20375273 | 20375273 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 0 | 786938 | 786938 | 786938 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 25536982 | 25536982 | 25536982 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 2293792 | 2293792 | 2293792 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3982546 | 3982546 | 3982546 | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 6809165 | 6809165 | 6809165 | 0 | 100 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 7459959 | 7459959 | 7459959 | 0 | 100 |
| ബി ഫണ്ട് | 0 | 37885380 | 37885380 | 37885380 | 0 | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 215 | 199972940 | 98 | 105299212 | 28 | 89 | 58.6 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 594695 രൂപയുടെ (10.26 %) വർദ്ധനവ് ഉണ്ടായിട്ടുണ്ട് .

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4331364 | 4982125 | 650761 | +15.02 |
| നികുതിയേതര വരവുകൾ | 1048154 | 937514 | (-)110640 | -10.56 |
| മറ്റുവരവുകൾ | 414501 | 469075 | 54574 | +13.17 |
| ആകെ | 5794019 | 6388714 | 594695 | +10.26 |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| തൊഴിൽരഹിത വേതനം | 17 | 28800 |
| കർഷകതൊഴിലാളി പെൻഷൻ | 331 | 2899020 |
| വിധവാപെൻഷൻ | 1812 | 19184370 |
| വാർദ്ധക്യകാലപെൻഷൻ | 1603 | 15805260 |
| വികലാംഗപെൻഷൻ | 321 | 2662920 |
| അവിവാഹിത പെൻഷൻ | 27 | 204030 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.06.2017 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4488/- രൂപ ( നാലായിരത്തി നാന്നൂറ്റി എൺപത്തി എട്ട്) ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു .

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | | 01.10.2016-<br>31.12.2016 | 14.11.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14.04.2017 | 2009-10-<br>2013-14 | 30.11.2016 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 പെർമിറ്റ് പുതുക്കാത്ത മൊബൈൽ ടവറുകൾ റഗുലറൈസ് ചെയ്തില്ല.

കേരള സംസ്ഥാന ഇൻഫർമേഷൻ ടെക്നോളജി ഡിപ്പാർട്ട്മെന്റിന്റെ 15.3.2014 ലെ ജി.ഒ (എം.എസ്.)14/2014/ITD നമ്പർ ഉത്തരവിൽ മൊബൈൽ ടവർ സ്ഥാപിക്കുന്നതിന് പെർമിറ്റ് നൽകുന്നതിന് പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെവിച്ചിട്ടുണ്ട്. ആയതിന് അനുബന്ധമായി മൊബൈൽ ടവർ നിർമ്മിക്കുന്നതിന് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകളിൽ ടവറിന്റെ റേഡിയേഷൻ സംബന്ധിച്ച് ഡിപ്പാർട്ട്മെന്റ് ഓഫ് ടെലികമ്മ്യൂണിക്കേഷന്റെ SACFA ക്ലിയറൻസ് സർട്ടിഫിക്കറ്റോ/ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് സമർപ്പിച്ച അപേക്ഷയോ സമർപ്പിക്കേണ്ടതാണ് . എന്നാൽ ഇത്തരത്തിലുള്ള SACFA ക്ലിയറൻസ് സർട്ടിഫിക്കറ്റ്/സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് സമർപ്പിച്ച അപേക്ഷയുടെയോ പകർപ്പ് ഹാജരാക്കാതെയാണ് മൊബൈൽ ടവറുകൾക്ക് പെർമിറ്റ് നൽകിയിരിക്കുന്നത്.

കേരള പഞ്ചായത്ത് കെട്ടിട നിർമാണ ചട്ടങ്ങൾ, 2011 ലെ ചട്ടം 130(6) പ്രകാരം വാർത്താ വിനിമയ ഗോപുരങ്ങളുടെ പെർമിറ്റിന്റെ കാലാവധി ഒരു വർഷമാണ് . ചട്ടം 130(7) പ്രകാരം പെർമിറ്റ് പുതുക്കുന്നതിന് നിലവിലുള്ള പെർമിറ്റിന്റെ കാലാവധിയിൽ തന്നെ അപേക്ഷ സമർപ്പിക്കേണ്ടതും, അങ്ങനെ അപേക്ഷ സമർപ്പിക്കുന്ന സംഗതിയിൽ ചട്ടം 130(9) പ്രകാരം നിലവിലുള്ള പെർമിറ്റ് ഫീസിന്റെ 50% ഫീസ് ഈടാക്കി ഒരു വർഷത്തേക്കു കൂടി കാലാവധി നീട്ടി കൊടുക്കാവുന്നതുമാണ് . ചട്ടം 130(4) പ്രകാരം പെർമിറ്റ് ഫീ 10000/- രൂപയാണ്. എന്നാൽ 2014 – 15, 2015-16 വർഷങ്ങളിൽ പെർമിറ്റ് നൽകിയ മൊബൈൽ ടവറുകൾ 2016-17 സാമ്പത്തിക അവസാനം വരെ നിർമ്മാണം പൂർത്തീകരിക്കുകയോ, പെർമിറ്റ് നീട്ടികിട്ടുന്നതിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ല . വിശദാംശങ്ങൾ താഴെ കൊടുക്കുന്നു .

| ക്രമ നം | റീ സർവെ നം / വാർഡ് നം | ടവറിന്റെ പേര് | പെർമിറ്റ് നമ്പർ | പെർമിറ്റ് കാലാവധി |
|---|---|---|---|---|
| 1 | 112 | ഇൻഡസ് ടവേഴ്സ് , തോൽപ്പെട്ടി | BA/28/14-15 dt : 7 .10.14 | 6.10.2015 |
| 2 | 281/1A | ഇൻഡസ് ടവേഴ്സ് , തൃശ്ശിലേരി | BA/25/15-16 dt : 10.07.15 | 09.07.2016 |
| 3 | 439 | ഇൻഡസ് ടവേഴ്സ് , കാട്ടിക്കുളം | BA/26/15-16 dt : 10.07.15 | 09.07.2016 |

ടി സ്ഥാപനങ്ങൾ പൂർത്തീകരണ സർട്ടിഫിക്കറ്റ് നൽകിയിരിക്കുന്നത് 11.5.2017 ൽ ആണ്. അപേക്ഷയിൻ മേൽ സ്വീകരിച്ച നടപടികളെ കുറിച്ചും, മൊബൈൽ ടവറുകൾക്ക് കൈവശാവകാശ സർട്ടിഫിക്കറ്റ് നൽകിയതിന്റെയും, വസ്തു നികുതി നിർണ്ണയിച്ചതിന്റെയും, റഗുലറൈസേഷൻ നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെയും വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8 /16-17തീയതി 22.06.2017) ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട് . മേൽ ചട്ടങ്ങളിലെ ചട്ടം 137( 4 ) പ്രകാരം പെർമിറ്റ് ഫീസിന്റെ (നിലവിൽ 10000/- രൂപ) ഇരട്ടിയാണ് റഗുലറൈസേഷൻ ഫീസ് . മേൽ കൊടുത്തിരിക്കുന്ന മൂന്ന് മൊബൈൽ ടവറുകളിൽ നിന്നും ( 3X20000= 60000 ) റഗുലറെസേഷൻ ഫീസ് ഈടാക്കേണ്ടതാണ് . മേൽ ചട്ടങ്ങളിലെ ചട്ടം 25 (3) പ്രകാരം പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭിച്ച് 15 ദിവസത്തിനകം സെക്രട്ടറി കൈവശാവകാശ സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്. 11.05.2017 ൽ ഉടമസ്ഥൻ പൂർത്തീകരണ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടെങ്കിലും ഓഡിറ്റ് കാലയളവ് വരെ കൈവശാവകാശ സർട്ടിഫിക്കറ്റ് നൽകിട്ടില്ല .

മൊബൈൽ ടവറുകളിൽ നിന്നും റഗുലറൈസേഷൻ ഫീസ് ഈടാക്കി വസ്തു നികുതി നിർണ്ണയിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ് .

## 2-2 കെട്ടിട നിർമ്മാണം - ചട്ടങ്ങൾ പാലിക്കുന്നില്ല .

കെട്ടിട നിർമ്മാണ ലൈസൻസ് സംബന്ധിച്ച രജിസ്ററർ,അനുബന്ധ ഫയലുകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

(1)അന്വേഷണ റിപ്പോർട്ട് ഇല്ലാതെ സെക്രട്ടറി പെർമിറ്റ് അനുവദിച്ചു.

പഞ്ചായത്തിലെ 14-ാം വാർഡിൽ 1216.25 ച . മീ ( ഗ്രൗണ്ട് ഫ്ലോർ - 585.09 ച .മീ , ഫസ്റ്റ് ഫ്ലോർ - 575.3 ച .മീ, സെക്കണ്ട് ഫ്ലോർ -55.86 ച.മീ) തറ വിസ്തീർണ്ണമുള്ള

റസിഡൻഷ്യൽ ക്വാർട്ടേഴ്സ് പണിയുന്നതിന് BA/31/16-17/3.8.2016 നമ്പർ പെർമിറ്റ് അനുവദിച്ചിട്ടുണ്ട് .

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 15.6.2013 ലെ 32131/ആർ . എ1/2012/തസ്വഭവ പ്രകാരം കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷയും പ്ലാനും പഞ്ചായത്തിലെ ബന്ധപ്പെട്ട സാങ്കേതിക വിദഗ്ധർ പരിശോധന നടത്തിയതിന് ശേഷം നൽകുന്ന ശുപാർശയുടെ അടിസ്ഥാനത്തിൽ മാത്രം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി പെർമിറ്റ് അനുവദിക്കേണ്ടതാണ് . എന്നാൽ 23.7.2016 ന് ലഭിച്ച അപേക്ഷയും പ്ലാനും മറ്റ് അനുബന്ധ രേഖകളും ബന്ധപ്പെട്ട സെക്ഷൻ 27.7.2016 സമർപ്പിച്ചുവെങ്കിലും പഞ്ചായത്തിലെ എഞ്ചിനീയറിംഗ് വിഭാഗത്തിന് പരിശോധനയ്ക്ക് നൽകാതെ 30.7.2016 ന് സെക്രട്ടറി പെർമിറ്റ് അനുവദിക്കുന്നതിന് തീരുമാനിക്കുകയാണ് ചെയ്തത് .

മേൽ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 8 /16-17തീയതി 22.06.2017 ) നൽകിയ മറുപടിയിൽ സ്ഥിരമായ ഓവർസീയർ ഇല്ലാത്തതിനാലും അസി. എഞ്ചിനീയർക്ക് രണ്ട് പഞ്ചായത്തുകളിൽ ചാർജ്ജായതിനാലാണ് നേരിട്ട് പരിശോധന നടത്തി പെർമിറ്റ് നൽകിയതെന്നും 20.12.2016 ൽ അപേക്ഷകൻ പ്രസ്തുത പെർമിറ്റ് സറണ്ടർ ചെയ്ത് പുതിയ പെർമിറ്റ് ( ബി1 -4790 / 16 ) വാങ്ങിയിട്ടുണ്ട് എന്നും പുതിയ പെർമിറ്റ് നൽകിയത് ഓവർസീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണെന്നും അറിയിച്ചിട്ടുണ്ട്. പെർമിറ്റ് നൽകുന്നതിന് സർക്കാർ ഉത്തരവുകൾ പാലിക്കേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതുമാണ്.

( 2 )പഞ്ചായത്തിലെ തൃശ്ശിലേരി വാർഡിൽ ( റീ സർവെ നം . 9 ) നാലുകെട്ട് ഹോട്ടൽ & റിസോർട്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ബിഎ-5 / 2013-14 / 24.01.2014 -ാം നമ്പറായി 1206.01 ച .മീ വിസ്തീർണ്ണമുള്ള കെട്ടിടം നിർമ്മിക്കുന്നതിന് ബിൽഡിംഗ് പെർമിറ്റ് അനുവദിച്ച് നൽകിയിരുന്നു . പ്രസ്തുത പെർമിറ്റ് 19.01.2020 വരെ പുതുക്കി നൽകിട്ടുണ്ട് . കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം പ്രകാരം പെർമിറ്റ് പുതുക്കുന്നതിന് വെള്ളക്കടലാസിൽ പെർമിറ്റിന്റെ വിവരങ്ങൾ , നിർമ്മാണത്തിന്റെ ഘട്ടങ്ങൾ എന്നിവ വ്യക്തമാക്കിക്കൊണ്ട് അപേക്ഷ നൽകേണ്ടതും ( ചട്ടം 17(6) ) പെർമിറ്റ് പുതുക്കിയതിന്റെ വിശദാംശങ്ങൾ അംഗീകൃത പ്ലാനിലും , പെർമിറ്റിലും രേഖപ്പെടുത്തേണ്ടതുമാണ് . ഇത്തരത്തിൽ നൽകിയ അപേക്ഷയോ പഞ്ചായത്തിന്റെ പക്കൽ സൂക്ഷിച്ചിരിക്കുന്ന പെർമിറ്റിലോ , പ്ലാനിലോ പെർമിറ്റ് പുതുക്കിയതിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല . ടി കെട്ടിടത്തിന്റെ പ്ലാനിൽ മാറ്റം വരുത്തിയതിനാൽ 23.02.2017 ൽ 1303/17 -ാം നമ്പറായി 1800 ച.മീ വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ റഗുലറൈസേഷൻ പ്ലാൻ സമർപ്പിച്ചു . മേൽ ചട്ടങ്ങളിലെ ചട്ടം 14 പ്രകാരം അപേക്ഷ ലഭിച്ച തീയതി മുതൽ 30 ദിവസത്തിനുള്ളിൽ സൈറ്റ് പ്ലാൻ അംഗീകരിച്ചതിന്റെയോ , നിരാകരിച്ചതിന്റെയോ വിവരം അപേക്ഷകനെ

അറിയിക്കേണ്ടതാണ് . റഗുലറൈസേഷൻ പ്ലാനിനു പകരം റിവൈസ്ഡ് പ്ലാൻ സമർപ്പിക്കണമെന്ന് 12.04.2017 ലെ 1304/17 -ാം നമ്പർ കത്തിലൂടെയാണ് ഉടമസ്ഥനെ അറിയിച്ചത് .

മേൽ സ്ഥാപനത്തിന്റെ ഉടമസ്ഥൻ 742.59 ച .മീ വിസ്തീർണ്ണമുള്ള സ്പെഷ്യൽ റസിഡൻഷ്യൽ വിഭാഗത്തിൽ പെട്ട പുതിയ ഒരു കെട്ടിടം പണിയുന്നതിന് അനുവാദം നൽകുന്നതിനായി 13.12.2016 ന് (തപാൽ നം. 6465/16 ) അപേക്ഷ നൽകിയിട്ടുണ്ട് . ടി അപേക്ഷയിൻ മേൽ നാളിതു വരെയും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല .

മേൽ വിഷയത്തിൽ കൂടുതൽ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 8 /16-17തീയതി 22.06.2017 ) നൽകിയ മറുപടിയിൽ 13.12.2016 ന് സ്പെഷ്യൽ റസിഡൻഷ്യൽ കെട്ടിട നിർമ്മാണത്തിന് നൽകിയ അപേക്ഷ റഗുലറൈസേഷൻ പ്ലാൻ അയിരുന്നെന്നും അതിന് പകരം റിവൈസ്ഡ് പ്ലാൻ ഹാജരാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്നും പാരിസ്ഥിക ദുർബല പ്രദേശമായതിനാൽ ടി പ്രദേശത്ത് നിർമ്മാണം നിർത്തുന്നതിന് സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുണ്ടെന്നും നിലവിൽ നിർമ്മാണം നടക്കുന്നില്ലെന്നും അറിയിച്ചിട്ടുണ്ട്. 21.4.2017 ലെ 2709-ാം നമ്പറായി സമർപ്പിച്ച റിവൈസ്ഡ് പ്ലാനിനൊപ്പം നൽകിയ അപേക്ഷയിൽ 13.12.2016 ന് സമർപ്പിച്ച അപേക്ഷയിൻ മേൽ എത്രയും വേഗം പെർമ്മിറ്റ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അപേക്ഷിച്ചിട്ടുണ്ട്. ചട്ടങ്ങളിലെ ചട്ടം 14 പ്രകാരം അപേക്ഷ ലഭിച്ച തീയതി മുതൽ 30 ദിവസത്തിനുള്ളിൽ സൈറ്റ് പ്ലാൻ അംഗീകരിച്ചതിന്റെയോ, നിരാകരിച്ചതിന്റെയോ വിവരം അപേക്ഷകനെ അറിയിക്കേണ്ടതാണ്. നാളിതു വരെയായും ടി അപേക്ഷയിന്മേൽ നടപടി സ്വീകരിച്ചിട്ടില്ലെന്ന് വ്യക്തമാണ് .

## 2-3 ആയുർവേദ യോഗവില്ല - വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ

പഞ്ചായത്തിലെ 10-ാം വാർഡിൽ പ്രവർത്തിക്കുന്ന ആയുർവേദ യോഗവില്ല എന്ന റിസോർട്ടിൽ താഴെ കൊടുക്കുന്ന കെട്ടിട നമ്പറുകൾക്ക് നികുതി ചുമത്താത്തതായി കാണുന്നു .

| ക്രമ നം | കെട്ടിട നം | വിസ്തീർണ്ണം | ഉപയോഗ ക്രമം |
|---|---|---|---|
| 1 | 106 | 10 ച. മീ | -- |
| 2 | 107 | 10 ച. മീ | -- |

| | | | |
|---|---|---|---|
| 3 | 128 | 12ച. മീ | ആരാധനാലയം |
| 4 | 146 | 90 ച. മീ | -- |
| 5 | 149 | 8 ച. മീ | -- |
| 6 | 149A | 22 ച. മീ | -- |

23.06.2017 ൽ നടത്തിയ സ്ഥല പരിശോധനയിൽ 128-ാം നമ്പർ കെട്ടിടം റിസോർട്ടിലെ കളരി പരിശീലനത്തിന്റെ ഭാഗമായി നിർമ്മിച്ചതാണെന്ന് വ്യക്തമായിട്ടുണ്ട് . ടി കെട്ടിടത്തിന്റെ പ്ലാൻ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. നികുതി ചുമാത്താത്തതിന് വിശദീകരണം ആവശ്യപ്പെട്ടതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ 106, 107 എന്നിവ ബാത്ത് റൂം കം ലാട്രിനും, 146 പൂജാമുറിയും, 149 ഷെഡും, 149A തൊഴുത്തുമാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട് . കേരള പഞ്ചായത്ത് ആക്ട് വകുപ്പ് 207 പ്രകാരം പൊതു ആരാധനയ്ക്കായി നീക്കി വച്ചിട്ടുള്ളതും യഥാർത്ഥത്തിൽ അപ്രകാരം ഉപയോഗിക്കുന്നതുമായ അല്ലെങ്കിൽ അനുബന്ധ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കാവുന്നതാണ് . 128 , 146 എന്നി കെട്ടിടങ്ങൾ സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ളതാകയാൽ ടി കെട്ടിടങ്ങളിൽ നിന്നും നികുതി ഈടാക്കേണ്ടതാണ് .

2011 ലെ കേരള പഞ്ചായത്ത് രാജ് ( വസ്തു നികുതിയും സേവന ഉപകുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3 (2)പ്രകാരം ഒരു കെട്ടിടത്തിൽ നിന്നും വേറിട്ടതെങ്കിലും അതിന്റെ അനുബന്ധ കെട്ടിടമായി അതേ പുരയിടത്തിൽ സ്ഥിതി ചെയ്യുന്ന കക്കൂസ് , വളർത്തു മൃഗങ്ങൾക്കുള്ള കൂട് , ഷെഡ് എന്നിവയ്ക്ക് പ്രത്യേകമായി നികുതി കണക്കാക്കേണ്ട തറ വിസ്തീർണ്ണത്തിൽ ഉൾപ്പെടുത്തേണ്ടതില്ല. ചട്ടം 3(4) പ്രകാരം കെട്ടിടത്തിന്റെ ഏതെങ്കിലും ഭാഗം പൊതു ഉപയോഗത്തിനായി നീക്കി വെച്ചിട്ടുണ്ടെങ്കിൽ ആ ഭാഗത്തിൻെറ തറ വിസ്തീർണ്ണം ആനുപാതികമായി മറ്റു ഭാഗങ്ങളുടെ തറ വിസ്തീർണ്ണത്തോട് കൂട്ടിചേർത്ത് ആ ഭാഗങ്ങളുടെ വസ്തു നികുതി നിർണ്ണയിക്കേണ്ടതാണ്. 23.6.2017 ൽ നടത്തിയ സ്ഥല പരിശോധനയിൽ പൂജാ റൂമിന് സമീപത്തായി ബാത്ത് റൂം കം ലാട്രിന് നികുതി ഈടാക്കിയിട്ടില്ല. ആയതിനാൽ 106, 107 എന്നീ നമ്പറുകൾ ഉള്ള കെട്ടിടത്തിൻെറ വിസ്തീർണ്ണം മറ്റു ഭാഗങ്ങളുടെ തറ വിസ്തീർണ്ണത്തോട് കൂട്ടിചേർത്ത് ആ ഭാഗങ്ങളുടെ വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കി അറിയിക്കേണ്ടതാണ്. ബാത്ത് റൂം കം ലാട്രിൻ ആയി ഉപയോഗിക്കുന്ന കെട്ടിട ഭാഗത്തിന് പ്രത്യേക നമ്പർ നൽകേണ്ടതില്ല.

ഖണ്ഡികയിൽ സൂചിപ്പിച്ച കെട്ടിടങ്ങളുടെ നികുതി പുനർ നിർണ്ണയിച്ച് ഈടാക്കി അറിയിക്കേണ്ടതാണ്. ഈ വിഷയത്തിൽ തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

## 2-4 തൊഴിൽ നികുതി - അപാകതകൾ

1994 -ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 204 പ്രകാരം ഓരോ ഗ്രാമപഞ്ചായത്ത് പ്രദേശത്തും ഓരോ അർദ്ധവർഷവും മൊത്തം അറുപതു ദിവസത്തിൽ കുറയാതെ ഇടപാടുനടത്തുന്ന ഓരോ കമ്പനിയുടേയും , തൊഴിലിലോ ,ബിസിനസ്സിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെയും മേൽ നിർണ്ണയിക്കപ്പെട്ട പരമാവധി നിരക്കുകളിൽ കവിയാതെ തൊഴിൽനികുതി ചുമത്തേണ്ടതാകുന്നു.പഞ്ചായത്തിന്റെ 2016-17 വർഷങ്ങളിലെ തൊഴിൽ നികുതി റിട്ടേണുകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചപ്പോൾ താഴെ കൊടുക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

( 1 ) തൊഴിൽ നികുതി ഈടാക്കിയില്ല

2016 -17 വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ താഴെ കൊടുക്കുന്ന സ്ഥാപങ്ങളിൽ നിന്നും സ്ഥാപനത്തിന്റെ തൊഴിൽ നികുതി , ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല . വിശദാംങ്ങൾ താഴെ കൊടുക്കുന്നു .

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി<br>അടയ്ക്കാനുള്ള അർദ്ധവർഷം |
|---|---|---|
| 1 | മാവേലി സ്റ്റോർ , കാട്ടിക്കുളം | 2016-17 2-ാംഅർദ്ധ വർഷത്തെ സ്ഥാപനത്തിന്റെ തൊഴിൽ നികുതി |
| | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് | 2016-17 2 -ാം അർദ്ധ വർഷത്തെ |

| | | |
|---|---|---|
| 2 | | ജീവനക്കാരുടെ തൊഴിൽ നികുതി |
| 3 | എക്സൈസ് ചെക്ക്പോസ്റ്റ് , ബാവലി | 2016-17 2 -ാം അർദ്ധ വർഷത്തെ ക്രമനം. 1-10 ജീവനക്കാരുടെ തൊഴിൽ നികുതി |
| 4 | പോസ്റ്റ് ഓഫീസ് , അപ്പപ്പാറ | 2016-17 2 -ാംഅർദ്ധ വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി |
| 5 | കെ .എസ് .എസ് പനവല്ലി | 2016-17 1-ാം അർദ്ധ വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി |
| 6 | കെ .എസ് .എസ് തൃശ്ശിലേരി | 2016-17 2-ാം അർദ്ധ വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി |

| | | |
|---|---|---|
| | | |
| 7 | നോർത്ത് വയനാട് കോ ഓപ്പറേറ്റീവ് റബ്ബർ & അഗ്രികൾച്ചറൽ മാർക്കറ്റിംഗ് സൊസൈറ്റി | 2016-17 2-ാം അർദ്ധ വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി , സ്ഥാപനത്തിന്റെ തൊഴിൽ നികുതി |
| 8 | കെ .എസ് .എസ് പനവല്ലി മീറ്റ് ഔട്ട്ലെറ്റ് | 2016-17 1,2 അർദ്ധവർഷം സ്ഥാപന നികുതി |
| 9 | ഉദയഗിരി റിജുവനേഷൻ സെന്റർ , തോൽപ്പെട്ടി | 2016-17 1,2 അർദ്ധവർഷം ജീവനക്കാരുടെ തൊഴിൽ നികുതി |
| 10 | ഉദയഗിരി യോഗവില്ല ഹോളിസ്റ്റിക് റിസർച്ച് സെന്റർ , പാൽവെളിച്ചം | 2016-17 1,2 അർദ്ധവർഷം ജീവനക്കാരുടെ തൊഴിൽ നികുതി |

| | | |
|---|---|---|
| | | |
| 11 | അഗ്രഹാരം റിസോർട്ട് | 2016-17 1,2 അർദ്ധവർഷം ജീവനക്കാരുടെ തൊഴിൽ നികുതി |
| 12 | വൈൽഡ് റിസോർട്ട് | 2016-17 1,2 അർദ്ധവർഷം ജീവനക്കാരുടെ തൊഴിൽ നികുതി |
| 13 | പെപ്പർ ഗ്രീൻ റിസോർട്ട് | 2016-17 1,2 അർദ്ധവർഷം ജീവനക്കാരുടെ തൊഴിൽ നികുതി |
| 14 | വയനാട് ഗേറ്റ് റിസോർട്ട് | 2016-17 1,2 അർദ്ധവർഷം ജീവനക്കാരുടെ തൊഴിൽ നികുതി |

ആയുർവേദ ചികിത്സാ കേന്ദ്രങ്ങളായി പ്രവർത്തിക്കുന്ന ഉദയഗിരി റിജുവനേഷൻ സെന്റർ തോൽപ്പെട്ടി , ഉദയഗിരി യോഗവില്ല ഹോളിസ്റ്റിക് റിസർച്ച് സെന്റർ

പാൽവെളിച്ചം എന്നിവിടങ്ങളിൽ യഥാക്രമം 12 , 16 ജീവനക്കാർ ജോലിയിലുള്ളതായി സ്വകാര്യ ആശുപത്രി രജിസ്ട്രേൻ പുതുക്കുന്ന അപേക്ഷയിൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും ടി സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. സ്ഥല പരിശോധനയുടെ ഭാഗമായി ഉദയഗിരി റിജ്ജുവനേഷൻ സെന്റർ തോൽപ്പെട്ടിയിൽ നടത്തിയ പരിശോധനയിൽ നിലവിൽ 48 ജീവനക്കാർ സ്ഥാപനത്തിൽ പ്രവർത്തിക്കുന്നതായി അറ്റൻഡൻസ് രജിസ്റ്ററിൽ നിന്നും വ്യക്തമായിട്ടുണ്ട് . ഖണ്ഡികയിൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ പരിശോധന നടത്തി ജീവനക്കാരുടെ എണ്ണം തിട്ടപ്പെടുത്തി തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിനെഅറിയിക്കേണ്ടതാണ് .

2) അർദ്ധ വാർഷിക വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കുന്നില്ല. കുറവ് വന്ന 1200/- രൂപ ഈടാക്കേണ്ടതാണ്.

കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി ) ചട്ടങ്ങൾ , 1996 പ്രകാരം കമ്പനികളുടെയും, വ്യക്തികളുടെയും അർദ്ധ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കേണ്ടതാണ് ( ചട്ടം 3) . പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽ ജീവനക്കാരുടെ അർദ്ധ വാർഷിക വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കാത്തതിനാൽ താഴെ പറയുന്ന തരത്തിൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായി.

| ക്രമ നം | തപാൽ നം | പേര്, സ്ഥാപനം | അർദ്ധ വാർഷിക വരുമാനം | ഈടാക്കിയ തുക, | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|---|---|
| 1 | C3-1926 14.3.2017 | T . G സുനീഷ് (പോസ്റ്റ് ഓഫീസ് , കാട്ടിക്കുളം ) ( ക്രമ നം 4 ) | 8528 X 6 =51168 | 300/ 1160-309 14.3.17 | 450 | 150 |

| | | | | | | |
|---|---|---|---|---|---|---|
| 2 | C3-1926<br>14.3.2017 | P കൃഷ്ണനുണ്ണി (പോസ്റ്റ് ഓഫീസ് , കാട്ടിക്കുളം )<br>( ക്രമ നം 5) | 8528 X 6 =51168 | 300/<br>1160-309<br>14.3.17 | 450 | 150 |
| 3 | C3-1926<br>14.3.2017 | സരുൺ<br>പോസ്റ്റ് ഓഫീസ് , കാട്ടിക്കുളം )<br>( ക്രമ നം 6 ) | 7524X6<br>=45144 | 300/<br>1160-309<br>14.3.17 | 450 | 150 |
| 4 | C3-1926<br>14.3.2017 | ജെയ്മോൻ<br>പോസ്റ്റ് ഓഫീസ് , കാട്ടിക്കുളം )<br>( ക്രമ നം 7) | 9242X6=<br>55452 | 300/<br>1160-309<br>14.3.17 | 450 | 150 |

| | | | | | | | |
|---|---|---|---|---|---|---|---|
| 5 | ലഭ്യമല്ല | T . G സുനീഷ് ( പോസ്റ്റ് ഓഫീസ്, കാട്ടിക്കുളം ) ( ക്രമ നം 4 ) | 8528 X 6 =51168 | 300 1160-428 31.8.2016 | 450 | 150 | |
| 6 | ലഭ്യമല്ല | P കൃഷ്ണനുണ്ണി ( പോസ്റ്റ് ഓഫീസ്, കാട്ടിക്കുളം ) ( ക്രമ നം 5) | 8528 X 6 =51168 | 300 1160-428 31.8.2016 | 450 | 150 | |
| 7 | ലഭ്യമല്ല | സരുൺ പോസ്റ്റ് ഓഫീസ്, കാട്ടിക്കുളം ) ( ക്രമ നം 6) | 7524X6 =45144 | 300 1160-428 31.8.2016 | 450 | 150 | |

| | | | | | | |
|---|---|---|---|---|---|---|
| 8 | ലഭ്യമല്ല | ജെയ്മോൻ (പോസ്റ്റ് ഓഫീസ് , കാട്ടിക്കുളം ) ( ക്രമ നം 7) | 9242X6= 55452 | 300 1160-428 31.8.2016 | 450 | 150 |
| | ആകെ | | | | | 1200 |

മേൽ പട്ടികയിൽ സൂചിപ്പിച്ച ജീവനക്കാരിൽ നിന്നും അർദ്ധ വാർഷിക വരുമാനത്തിന് ആനുപാതികമായി തൊഴിൽ നികുതി ഈടാക്കി വിശദാംശങ്ങൾ അറിയിക്കേണ്ടതാണ് .

## 2-5 ഡി & ഒ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232 [1999 ലെ ഭേദഗതി കാണുക] പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും, ലൈസൻസിലെ നിബന്ധനകൾ പാലിക്കാതെയും പഞ്ചായത്ത് പ്രദേശത്ത് ഏതൊരു സ്ഥാപനവും പ്രവർത്തിക്കാൻ പാടുള്ളതല്ല.

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 255 പ്രകാരം ചട്ട ലംഘനങ്ങൾക്ക് "ആയിരം" രൂപയോളം വരുന്ന പിഴയോ, തുടർന്ന് കൊണ്ടിരിക്കുന്ന ലംഘനങ്ങളുടെ കാര്യത്തിൽ ആദ്യ ലംഘനത്തിന് ശേഷം ലംഘനം തുടരുന്ന ഓരോ ദിവസത്തേക്കും 50/- രൂപയിൽ കവിയാത്ത പിഴ ചുമത്തി ശിക്ഷിക്കാവുന്നതാണ്. 1996 ലെ കേരള പഞ്ചായത്ത് രാജ് [ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ] ചട്ടങ്ങൾ ചട്ടം26 കാണുക.]

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ കൊടുക്കുന്ന സ്ഥാപനങ്ങൾ 2016- 17 ലും 2017 – 18 ൽ ഓഡിറ്റ് കാലയളവ് വരെയും ഡി & ഒ ലൈസൻസ് എടുത്തിട്ടില്ല .

| ക്രമ നം | കെട്ടിട നം | ഉടമസ്ഥന്റെ പേര് | സ്ഥാപനം |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 9/791A | രവീന്ദ്രൻ . പി | പെട്രോൾ പമ്പ് |
| 2 | 11/557 | കെ . ഫിറോസ് ഹുസൈൻ | പെട്രോൾ പമ്പ് |
| 3 | 1/35-69 | എക്സിക്യൂട്ടീവ് ഓഫീസർ , തിരുനെല്ലി ദേവസ്വം | ലോഡ്ജ് |
| 4 | 1/323 | ടി .സുകുമാരൻ | സർവീസ് വില്ല |
| 5 | 1/359A | സുരേന്ദ്രൻ | സർവീസ് വില്ല |
| 6 | 1/377-378 | സഞ്ജയ് കുമാർ | സർവീസ് വില്ല |
| 7 | 1/482A-D | ഇർഷാദ് | ലോഡ്ജ് |
| 8 | 5/797 | സാബു ജോസഫ് | സർവീസ് വില്ല |
| 9 | 12/17 | സുബ്രമണ്യൻ | സർവീസ് വില്ല |
| 10 | 12/19 | പി .കെ സിദ്ധീഖ് & പി .കെ ഉമ്മർ | റിസോർട്ട് |

ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുന്നതാണെന്നും നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ച സ്ഥാപനങ്ങളിൽ പിഴ ഈടാക്കേണ്ടതും തുടർ നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

## 2-6 അംഗീകാരമില്ലാത്ത ആയുർവേദ ആരോഗ്യകേന്ദ്രങ്ങൾക്ക് ലൈസൻസ് നൽകി

പഞ്ചായത്തിൽ തോൽപ്പെട്ടിയിലെ ഉദയഗിരി റിജുവനേഷൻ സെന്റർ, പാൽവെളിച്ചത്തെ ഉദയഗിരി യോഗവില്ല ഹോളിസ്റ്റിക് റിസർച്ച് സെന്റർ എന്നിവയ്ക്ക് 2016-17 ൽ ഡി & ഒ ലൈസൻസ്, നൽകിയിട്ടുണ്ട്. ഇവയ്ക്ക് സ്വകാര്യ ആയുർവേദ ആശുപത്രിയായി രജിസ്ട്രേഷൻ പുതുക്കി നൽകുകയും ചെയ്തിട്ടുണ്ട് . 2007 ലെ കേരള ആയുർവേദ ആരോഗ്യ കേന്ദ്രങ്ങൾ (അംഗീകാരപത്രം നൽകലും നിയന്ത്രിക്കലും) നിയമ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അധികാര പരിധിക്കുള്ളിൽ ആയുർവേദ ആരോഗ്യകേന്ദ്രം പ്രവർത്തനം നടത്തണമെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനം നൽകുന്ന ലൈസൻസിനു പുറമേ കേരള സംസ്ഥാന സർക്കാറിന് കീഴിലുള്ള ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ നൽകുന്ന അംഗീകാരപത്രം ആവശ്യമാണ് . (വകുപ്പ് 3 ,

വകുപ്പ് 6 എന്നിവ കാണുക ). അംഗീകാരപത്രം കൂടാതെ ഏതെങ്കിലും ആയുർവേദ കേന്ദ്രം സ്ഥാപിക്കുകയോ നടത്തുകയോ ചെയ്യുകയാണെങ്കിൽ ആറുമാസത്തിൽ കുറയാത്ത തടവു ശിക്ഷയും ഒരു ലക്ഷം രൂപ വരെയാകാവുന്ന പിഴയും നൽകി ശിക്ഷക്കപ്പെടേണ്ടതാണ് . ( വകുപ്പ് 8 )

മേൽ സ്ഥാപനങ്ങളിൽ നടത്തിയ സ്ഥല പരിശോധനയിൽ ഇവ റിസോർട്ട് മാതൃകയിൽ നടത്തുന്നവയാണെന്നും 90% രോഗികളും വിദേശികളാണെന്നും ബോധ്യപ്പെട്ടു . കൂടാതെ രണ്ട് സ്ഥാപനങ്ങളിലും പത്തോളം പശുക്കളെ വളർത്തുന്ന ഗോശാലയുമുണ്ട്. ആയുർവേദ ആരോഗ്യ കേന്ദ്രങ്ങളുടെ അംഗീകാരപത്രവും, ഗോശാലയ്ക്ക് ലൈസൻസ് നൽകിയതിന്റെ വിശദാംശങ്ങളും ഹാജരാക്കാനാവശ്യപ്പെട്ടെങ്കിലും രജിസ്ട്രേഷൻ പുതുക്കുന്നതിന് സമർപ്പിച്ച അപേക്ഷയോടൊപ്പം അംഗീകാരപത്രം ലഭ്യമാക്കിയിട്ടില്ലെന്നും, ഫാമുകൾ രജിസ്റ്റർ ചെയ്തിട്ടില്ലെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട് . 2012 ലെ കേ .പ .ര (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ ) ചട്ടങ്ങൾ പ്രകാരം സെക്രട്ടറി നൽകുന്ന ഒരു ലൈസൻസ് കൂടാതെ ഒരു ലൈവ്സ്റ്റോക്ക് ഫാം സ്ഥാപിക്കുന്നതിനോ നടത്തി കൊണ്ടു പോകുവാനോ പാടുള്ളതല്ല ( ചട്ടം 3 ( 1) ) . മേൽ ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഒരാൾ ലൈവ്സ്റ്റോക്ക് ഫാം പ്രവർത്തിപ്പിക്കുന്ന പക്ഷം, കുറ്റ സ്ഥാപനത്തിൻ മേൽ , ആയിരം രൂപയിൽ കവിയാത്ത തുക പിഴ ചുമത്തേണ്ടതുമാണ് (ചട്ടം 12 ) .

മേൽ വിഷയത്തിൽ കൂടുതൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് . അംഗീകാരപത്രം ലഭ്യമാക്കാത്ത മേൽ സ്ഥാപനങ്ങൾക്കെതിരെയും , ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ഫാമുകൾക്കെതിരെയും സ്വീകരിച്ച നടപടികളെക്കുറിച്ചുമുള്ള വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ് .

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കാട്ടിക്കുളം കമ്മ്യൂണിറ്റി ഹാൾ -വൈദ്യുതീകരണം പൂർത്തിയാകുന്നതിന് മുൻപ് ഫർണിച്ചർ,പാത്രങ്ങൾ, മൈക്ക് സെറ്റ് ,ഫർണ്ണിച്ചർ വാങ്ങി.

| | |
|---|---|
| പ്രോജക്ട് നം. | എസ് 298/2017, 300/17 |
| പ്രോജക്ടിന്റെ പേര് | കാട്ടിക്കുളം കമ്മ്യൂണിറ്റി ഹാൾ ഫർണിച്ചർ,പാത്രങ്ങൾ, മൈക്ക് സെറ്റ്, |
| നിർവ്വഹണം | സെക്രട്ടറി |

| | |
|---|---|
| അടങ്കൽ | 1600000/- രൂപ, (general fund) |
| ചെലവ് | 1)87500/-രൂപ vr no 21601157/31.3.17( 50 table)<br>2)492000/-രൂപ vr no 21601158/31.3.17(generator)<br>3)481850/-രൂപ vr no 21601159/31.3.17( 1050 chair)<br>4)661236/-രൂപ vr no 21601162/31.3.17(പാത്രങ്ങൾ, ഫർണ്ണിച്ചർ, മൈക്ക് സെറ്റ്) |

വൈദ്യുതീകരണം നടത്താത്തതിനാൽ കാട്ടിക്കുളം കമ്മ്യൂണിറ്റി ഹാൾ പൊതുജനങ്ങൾക്ക് തുറന്നു കൊടുക്കാൻ കഴിഞ്ഞിട്ടില്ല. അതിനാൽ മേൽ സാധന സാമഗ്രികൾ ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ല. വൈദ്യുതീകരണം നടത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-2 പൊതുസ്ഥലത്തെ അപകടാവസ്ഥയിലുള്ള മുറിച്ച് മരങ്ങൾ ലേലം ചെയ്തില്ല

തിരുനെല്ലി ഗ്രാമ പഞ്ചായത്ത് XI ആം വാർഡ് ചേലൂർ റോഡരികിൽ നിന്നും അപകടാവസ്ഥയിലുള്ള വീട്ടി മരം മുറിച്ച് മാറ്റിയ ഇനത്തിൽ താഴെ പറയുന്ന തുക ചെലവഴിച്ചിട്ടുണ്ട്.

vr no 21600207/28.6.16 4700 രൂപ

ദുരിന്ത നിവാരണ അതോറിറ്റി ചെയർമാൻ ആയ ജില്ലാ കളക്ടറുടെ B3/2015/ 20367/12 dtd 8.6.16 ഉത്തരവ് പ്രകാരം പൊതുസ്ഥലത്തെ അപകടാവസ്ഥയിലുള്ള മരങ്ങൾ മുറിച്ചതിനുശേഷം കുപ്പാടി ഗവ. മരം ഡിപ്പോയിലേക്ക് മാറ്റുകയോ അല്ലെങ്കിൽ ലേലം ചെയ്യുകയോ ആണ് വേണ്ടത്. എന്നാൽ മേൽ നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടില്ല. മുറിച്ചിട്ട മരങ്ങൾ ആ സ്ഥലത്ത് തന്നെ കിടന്നു നശിച്ചു കൊണ്ടിരിക്കുകയാണ്.

മേൽ വിഷയത്തിൽ സ്വീകരിച്ച തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

## 3-3 വിനിയോഗസാക്ഷ്യപത്രം / പൂർത്തീകരണ സാക്ഷ്യപത്രം /തുക കൈപ്പറ്റിയതിന്റെ രശീതി എന്നിവ ലഭിക്കാത്തത്.

2016-17 വർഷത്തിൽ നടത്തിയ വിവിധ ചെലവുകൾ സംബന്ധിച്ച് വിവിധ ഏജൻസികളിൽ നിന്നും വിനിയോഗസാക്ഷ്യപത്രം / പൂർത്തീകരണ സാക്ഷ്യപത്രം/ തുക കൈപ്പറ്റിയതിന്റെ രശീതി എന്നിവ ലഭിക്കാത്തതിന്റെ വിശദാംശം ചുവടെ

ചേർക്കുന്നു .

| ബിൽ/വൌച്ചർനം /തീയതി | പ്രവൃത്തി/ആവശ്യം | തുക | തുക കൈപ്പറ്റിയ ഏജൻസി |
|---|---|---|---|
| വൗച്ചർ 21600713/27.12.16 | സാമൂഹ്യ സുരക്ഷാമിഷൻ | 200000 | സാമൂഹ്യ സുരക്ഷാമിഷൻ |
| വൗച്ചർ 21600714 തിയ്യതി 27.12.16 | എസ്.എസ്.എ. | 538000 | പ്രോജക്ട് ഓഫീസർ എസ്.എസ്.എ. |
| വൗച്ചർ 21601160 തിയ്യതി 31.3.17 | പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ | 226580 | ജില്ലാ ഓഫീസർ, ഭ്രഗർഭ ജലവകുപ്പ് മീനങ്ങാടി |
| വൗച്ചർ 21600568 തിയ്യതി 3.11.16 | വാട്ടർ ടാപ്പ്, അന്നാരിക്കൽ, പുതിയൂർ അംങ്കണവാടി. | 15000 | എക്സി. എഞ്ചിനീയർ കേരള വാട്ടർ അതോറിറ്റി, സു. ബത്തേരി |
| വൗച്ചർ 21600712 തിയ്യതി 27.2.17 | ഐ.കെ.എം. | 100000 | എക്സിക്യൂട്ടീവ് ഡയറക്ടർ ഐ.കെ.എം. |
| 21600798/19.1.16 | തെരുവ് നായ്ക്കളുടെ നിയന്ത്രണം | 200000 | ജില്ലാ പഞ്ചായത്ത്, വയനാട്. |

2016-17 വർഷത്തിൽ നടത്തിയ വിവിധ ചെലവുകൾ സംബന്ധിച്ച് വിവിധ ഏജൻസികളിൽ നിന്നും വിനിയോഗസാക്ഷ്യപത്രം/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 3-4 പട്ടിക ജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് മേശ, കസേര,ബാഗും കുടയും - രേഖകൾ ഹാജരാക്കിയില്ല

a)പ്രൊജക്ടിന്റെ പേര് - പട്ടിക ജാതി വിദ്യാർത്ഥികൾക്ക് മേശ, കസേര

പ്രൊജക്ടിന്റെ നമ്പർ - S 323/17

അടങ്കൽ - വികസന ഫണ്ട്- SCP- 250000

തുക പിൻവലിച്ചത് - ബിൽ നമ്പർ - 8/16-17തീയതി 30/3/2017 തുക 143363

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ്മാസ്റ്റർ

ഗ്രാമപഞ്ചായത്ത് പരിധിയിലെ പ്രൈമറി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന ലോവർ പ്രൈമറി പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശ കസേര എന്നിവ വാങ്ങി വിതരണം നടത്തുകയാണ് പദ്ധതിയുടെ ലക്ഷ്യം. ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കണ്ടു.

1) പദ്ധതി നടപ്പാക്കുന്നതിന് മുമ്പ് ഗ്രാമപഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന ഈ വിഭാഗത്തിൽപെട്ട ആകെ വിദ്യാർത്ഥികളുടെ എണ്ണം പട്ടിക തിരിച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഹാജരാക്കിയിട്ടില്ല.

2) വാങ്ങിയ സാധന സാമഗ്രികൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല . വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

b)പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ബാഗും കുടയും

പ്രൊജക്ടിന്റെ നമ്പർ - S 229/17

അടങ്കൽ - വികസന ഫണ്ട്- TSP- 300000

തുക പിൻവലിച്ചത് - ബിൽ നമ്പർ - 6/16-17തീയതി 30/3/2017 തുക 21240

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ്മാസ്റ്റർ

ഗ്രാമപഞ്ചായത്ത് പരിധിയിലെ പ്രൈമറി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന ലോവർ പ്രൈമറി പട്ടികജാതി വിദ്യാർത്ഥികൾക്ക് ബാഗും കുടയും എന്നിവ വാങ്ങി വിതരണം നടത്തുകയാണ് പദ്ധതിയുടെ ലക്ഷ്യം. ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കണ്ടു.

1) പദ്ധതി നടപ്പാക്കുന്നതിന് മുമ്പ് ഗ്രാമപഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന ഈ വിഭാഗത്തിൽപ്പെട്ട ആകെ വിദ്യാർത്ഥികളുടെ എണ്ണം, ക്ലാസ്സ് എന്നിവ തിരിച്ച് വിദ്യാലയങ്ങളിൽ നിന്ന് ലഭിച്ച പട്ടിക നിർവ്വഹണ ഉദ്യോഗസ്ഥൻ ഹാജരാക്കിയിട്ടില്ല

2) വാങ്ങിയ സാധന സാമഗ്രികൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല . വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

c)പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ബാഗും കുടയും

പ്രൊജക്ടിന്റെ നമ്പർ - S 69/17

അടങ്കൽ - വികസന ഫണ്ട്- TSP- 202037

തുക പിൻവലിച്ചത് - ബിൽ നമ്പർ - 7/16-17തീയതി 30/3/2017 തുക 200600

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ്മാസ്റ്റർ

ഗ്രാമപഞ്ചായത്ത് പരിധിയിലെ പ്രൈമറി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന ലോവർ പ്രൈമറി 340പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ബാഗും കുടയും എന്നിവ വാങ്ങി വിതരണം നടത്തുകയാണ് പദ്ധതിയുടെ ലക്ഷ്യം. ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കണ്ടു.

1) പദ്ധതി നടപ്പാക്കുന്നതിന് മുമ്പ് ഗ്രാമപഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന ഈ വിഭാഗത്തിൽപെട്ട ആകെ വിദ്യാർത്ഥികളുടെ എണ്ണം ക്ലാസ്സ് എന്നിവ തിരിച്ച് വിദ്യാലയങ്ങളിൽ നിന്ന് ലഭിച്ച പട്ടിക നിർവ്വഹണ ഉദ്യോഗസ്ഥൻ ഹാജരാക്കിയിട്ടില്ല

2) വാങ്ങിയ സാധന സാമഗ്രികൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല . വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-5 പട്ടികജാതിക്കാർക്ക് കക്കൂസ് നിർമ്മാണം- സംബന്ധിച്ച് - തടസ്സം 177200 രൂപ

പ്രോജക്ടിന്റെ നമ്പർ - 2/17

പ്രോജക്ടിന്റെ പേര് - പട്ടികജാതിക്കാർക്ക് കക്കൂസ് നിർമ്മാണം

അടങ്കൽ - വികസന ഫണ്ട് - എസ്.സി.പി - 354200

ബിൽ നം 3/16-17 തീയതി 14/10/16 തുക 66000/-

ബിൽ നം 14/16-17 തീയതി 20/01/2017 തുക 97600

ബിൽ നം 18/16-17 തീയതി 08/03/2017 തുക 13600

ആകെ 177200

ഗ്രാമ പഞ്ചായത്ത് പരിധിയിലെ പട്ടികജാതിക്കാരായ ഗുണഭോക്താക്കൾക്ക് കക്കൂസ് നിർമ്മാണത്തിന് സബ്സിഡി നൽകുകയാണ് പദ്ധതി ലക്ഷ്യം. ഹാജരാക്കിയ രേഖകൾ പ്രകാരം 19 ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും ആയതിൽ 13 പേർ പൂർത്തിയാക്കിയതായും 6 പേർ പൂർത്തിയാക്കിയില്ല എന്നും സെക്രട്ടറി അറിയിച്ചു. ബിൽ നം 18/16-17 തീയതി 08/03/2017 പ്രകാരം പിൻവലിച്ചതിൽ യശോദ പനവല്ലി എന്ന ഗുണഭോക്താവിന് നൽകാനായി 3400 രൂപ പിൻവലിച്ചതായി കാണുന്നു. എന്നാൽ പ്രസ്തുത ഗുണഭോക്താവിനെ പദ്ധതിക്കായി തെരഞ്ഞെടുത്തതായോ, അഡ്വാൻസ് തുക നൽകിയതായോ കാണുന്നില്ല. ഇത് സംബന്ധിച്ച് വിശദമായ പരിശോധന നടത്തി അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 19 /16-17 തീയതി22/6/17 ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 177200 രൂപയുടെ ചെലവ്

തടസ്സപ്പെടുത്തുന്നു.

## 3-6 പട്ടിക വർഗ്ഗക്കാർക്ക് കക്കൂസ് നിർമ്മാണം - പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല

2016-17 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിലെ ഗുണഭോക്താക്കൾക്ക് , വെളിയിട വിസർജ്ജന നിർമ്മാർജ്ജനത്തിന്റെ ഭാഗമായി താഴെപ്പറയും പ്രകാരം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഒരു ഗുണഭോക്താവിന് 15400 രൂപ വീതം നൽകുകയാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

i)പ്രോജക്ടിന്റെ നമ്പർ -1/2017

പ്രോജക്ടിന്റെ പേര് - പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് കക്കൂസ് നിർമ്മാണം

അടങ്കൽ - വികസന ഫണ്ട് - ടി.എസ്.പി -9840600

ബിൽ നമ്പർ 2/16-17 തീയതി 14/10/16തുക 2400000

ബിൽ നമ്പർ 7/16-17 തീയതി 03/11/16തുക 3444000

ബിൽ നമ്പർ 11/16-17 തീയതി 17/12/16തുക 978000

ബിൽ നമ്പർ 13/16-17 തീയതി 20/01/17തുക 1432400

ബിൽ നമ്പർ 17/16-17 തീയതി 09/03/17തുക 1179000

ആകെ 9433400

മേൽ പ്രോജക്ടിൽ വിവിധ ഗുണഭോക്താക്കൾക്ക് അധിക തുക നൽകിയതായി കാണുന്നു. ഉദാഹരണമായി ദാസൻ വരിനിലം, (16-ാം വാർഡ്) എന്ന ഗുണഭോക്താവിനെ പ്രോജക്ട് നം.1/17, 296/17 എന്നീ രണ്ട് പ്രോജക്ടിലും ഉൾപ്പെടുത്തി ധനസഹായം അനുവദിച്ചിട്ടുണ്ട്. പ്രോജക്ട് നം 296/17 ലെ ബിൽ നം. 1/16-17 പ്രകാരം പിൻവലിച്ച തുകയിൽ 7000 രൂപ നൽകിയിട്ടുണ്ട്. പ്രോജക്ട് നം. 1/17 ലെ ഗുണഭോക്താവായി തെരഞ്ഞെടുത്ത് ബിൽ നം.2/16-17- 14/10/16 പ്രകാരം 6000 രൂപയും ബിൽ നം 7/16-17 – 3/11/16 ൽ നിന്നും 6000 രൂപയും ബിൽ നം 13/16-17 – 20/01/17 പ്രകാരം 3400 രൂപയും അനുവദിച്ചിട്ടുണ്ട്. ഇത്തരത്തിൽ ഈ ഗുണഭോക്താവിന് മാത്രം രണ്ടു പ്രോജക്ടുകളിലായി 22400 രൂപ അനുവദിച്ചിട്ടുണ്ട്. ഒരു ഗുണഭോക്താവിനെ തന്നെ ഒരേ ലക്ഷ്യമുള്ള വിവിധ പ്രൊജക്ടുകളിൽ ഉൾപ്പെടുത്തിയിരിക്കുന്നുവെന്നത് ഗുണഭോക്തൃ തെരഞ്ഞെടുപ്പിലെ ന്യൂനതയെ സൂചിപ്പിക്കുന്നു.

II) പ്രോജക്ടിന്റെ നമ്പർ - 296/17

പ്രോജക്ടിന്റെ പേര് - പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് കക്കൂസ് നിർമ്മാണം (സ്പിൽഓവർ)

അടങ്കൽ - വികസന ഫണ്ട് - ടി.എസ്.പി- 289000

കേന്ദ്രാവിഷ്കൃതം - 2040000

ബിൽ നമ്പർ 1/2016-17തീയതി 06/10/2016 തുക 274000

കേന്ദ്രാവിഷ്കൃതം ചെക്ക് നം 192534 തീ.19/12/16 236400

ആകെ 510400

ബിൽ നമ്പർ 1/2016-17 തീ.6/10/16 പ്രകാരം പിൻവലിച്ച തുക 17 ഗുണഭോക്താക്കൾക്ക് 12000 രൂപ വീതവും 10 പേർക്ക് 7000 രൂപ വീതവും നൽകുന്നതിനാണെന്ന് ബില്ലിനോടൊപ്പം ചേർത്ത സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിരിക്കുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഭാഗമായി നൽകിയ ചെക്ക് പ്രകാരം പിൻവലിച്ച തുക, 9 പേർക്ക് 12000 രൂപ വീതവും 6 പേർക്ക് 9400 രൂപ വീതവും 12 പേർക്ക് 6000 രൂപ വീതവും നൽകാനാണെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഹാജരാക്കിയ ബാങ്ക് സ്റ്റേറ്റിമെന്റിൽ മേൽ തുകകൾ വിതരണം ചെയ്തതിന്റെ വിവരങ്ങൾ ഇല്ല. ഈ പ്രോജക്ട് പ്രകാരം പല ഗുണഭോക്താക്കൾക്കും അധിക തുക നൽകിയതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | വാർഡ് നം. | അക്കൗണ്ട് നമ്പർ | ചെക്ക് നം 192534 തീയതി 19/12/16 നൽകിയ തുക | ബിൽ നമ്പർ 1/2016-17 തീയതി 06/10/2016 പ്രകാരം നൽകിയ തുക | ആകെ നൽകേണ്ട തുക | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|
| 1 | ഗോപാലൻ.ജി | 1 | 40404100013063 | 12000 | 12000 | 15400 | 8600 |
| 2 | ശാന്ത വരിനിലം | 16 | 40404101025343 | 9400 | 7000 | 15400 | 1000 |
| 3 | അമ്മിണി കൈതവള്ളി | 16 | 40404101026324 | 9400 | 7000 | 15400 | 1000 |

| | | | | | | | |
|---|---|---|---|---|---|---|---|
| 4 | നാരായണൻ വരിനിലം | 16 | 40404101021921 | 9400 | 7000 | 15400 | 1000 |
| 5 | ജാനി.ബി | 5 | 40404101008762 | 6000 | 12000 | 15400 | 2600 |
| 6 | സതീഷ് കുമാർ.എം | 5 | 40404100010671 | 12000 | 12000 | 15400 | 8600 |
| 7 | ശാന്ത ഗോപി | 3 | 130231200421209 | 9400 | 7000 | 15400 | 1000 |
| 8 | ചെറിയ വള്ളി വരിനിലം | 16 | 130231200421701 | 9400 | 7000 | 15400 | 1000 |
| 9 | കാളൻ വരിനിലം | 16 | 130231200420829 | 9400 | 7000 | 15400 | 1000 |
| 10 | സുശീല ശിവാജി | 8 | 130231200423502 | 12000 | 12000 | 15400 | 8600 |
| | ആകെ | | | | | | 34400 |

മേൽ പ്രോജക്ടുകൾക്ക് ഭരണസമിതി അംഗീകരിച്ച ഏകീകൃത ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയിട്ടില്ല. ആയത് കൊണ്ട് തന്നെ രണ്ട് പ്രോജക്ടുകളിലും ഒരേ ഗുണഭോക്താവ് ഉൾപ്പെട്ടിട്ടുണ്ടോ എന്ന് വിശദമായി പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ മേൽ രണ്ട് പ്രൊജക്ടിലും ഉൾപ്പെടുത്തി ധനസഹായം നൽകിയ എല്ലാ ഗുണഭോക്താക്കളുടെയും ലിസ്റ്റ് ബില്ലുകളുടെ അടിസ്ഥാനത്തിലും പ്രോജക്ടുകളുടെ അടിസ്ഥാനത്തിലും തയ്യാറാക്കി അധിക തുക നൽകിയിട്ടുണ്ടോ എന്നും ഒരേ ഗുണഭോക്താക്കൾ രണ്ട് ലിസ്റ്റിലും പെട്ടിട്ടുണ്ടോയെന്നും പരിശോധിച്ച് രേഖകൾ സഹിതം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

ഓഡിറ്റിന്റെ ഭാഗമായി 21/06/2017 ന് നടത്തിയ സ്ഥല പരിശോധനയിൽ ധനസഹായം കൈപ്പറ്റിയ അരണപ്പാറ മിച്ചഭൂമി കോളനിയിലെ ബൊളച്ചി എന്നവർ കക്കൂസ് നിർമ്മാണം നടത്തിയിട്ടില്ല എന്ന് വ്യക്തമായി. കൂടാതെ മേൽ കോളനിയിലെ രഘു എന്ന ഗുണഭോക്താവ് ക്ലോസറ്റ് സ്ഥാപിച്ചിരിക്കുന്ന് ആയതിന് ചുറ്റും മറ

സ്ഥാപിക്കാതെയാണ്. ചുമർ മേൽക്കൂര എന്നിവയില്ലാതെ ക്ലോസറ്റ് മാത്രം സ്ഥാപിച്ചതിനാൽ ഇത് ഉപയോഗയോഗ്യമല്ല. മേൽ പ്രോജക്ടുകൾ പ്രകാരം ആനുകൂല്യം അനുവദിച്ച മുഴുവൻ ഗുണഭോക്താക്കളുടെയും നിലവിലെ അവസ്ഥ പരിശോധിച്ച് റിപ്പോർട്ട് നൽകേണ്ടതാണ്.

ഹാജരാക്കിയ രേഖകൾ പ്രകാരം പട്ടിക വർഗ്ഗ വിഭാഗത്തിൽ ആനുകൂല്യത്തിനായി തെരഞ്ഞെടുത്തത് 679 ഗുണഭോക്താക്കളെയാണ്. ഇതിൽ മുഴുവൻ തുകയും കൈപ്പറ്റിയവർ 507 പേരാണ്.172 പേർ കക്കൂസ് നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ഇത് വെളിയിട വിസർജ്ജന നിർമ്മാർജ്ജനം എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിന് സഹായിക്കുന്ന ഘടകമല്ല. വിശദമായ മറുപടി നൽകേണ്ടതാണ്.

## 3-7 പട്ടിക ജാതിക്കാർക്ക് ഭവന നിർമ്മാണം - അനർഹർ തുക കൈപ്പറ്റി.

പ്രൊജക്ടിന്റെ പേര് - പട്ടിക ജാതിക്കാർക്ക് ഭവന നിർമ്മാണം

പ്രൊജക്ടിന്റെ നമ്പർ - 294/17

അടങ്കൽ - വികസന /ഫണ്ട്- എസ്.സി.പി - 500000

തുക പിൻവലിച്ചത്

ബിൽ നം 8/16-17 തീയതി 23/11/16 തുക 20000

ബിൽ നം 16/16-17 തീയതി 25/02/17 തുക 90000

ബിൽ നം 6/16-17 തീയതി 31/10/16 തുക120000

ആകെ - 230000

ഗ്രാമ പഞ്ചായത്ത് പരിധിയിലെ പട്ടികജാതിക്കാരും ഭവനരഹിതരുമായ ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിന് സബ്സിഡി നൽകുകയാണ് പദ്ധതി ലക്ഷ്യം. മുൻവർഷത്തിൽ ആരംഭിച്ച പ്രൊജക്ടിന്റെ സ്പിൽ ഓവർ പ്രൊജക്ടാണ് ഇത്. തൻവർഷം മേൽ ബില്ലുകൾ പ്രകാരം 230000/- രൂപ ചെലവഴിച്ചിട്ടുണ്ട്. മുൻവർഷം എഗ്രിമെന്റ് വെച്ച് ഭവന നിർമ്മാണത്തിന്റെ വിവിധ ഗഡു കൈപ്പറ്റിയ ഗുണഭോക്താക്കൾക്ക് തുടർന്നുള്ള ഗഡു തുക നൽകുകയാണ് തൻവർഷം നടത്തിയിട്ടുള്ളത്. ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കാണുന്നു.

1. രമണി , നരിക്കൽ എന്ന ഗുണഭോക്താവിന് 28/3/2017 ന് 20000 രൂപ നൽകിയതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ പ്രസ്തുത വ്യക്തിക്ക് നൽകുന്നതിന് തുക പിൻവലിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല.

2. ഓരോ ഗഡു തുക നൽകുന്നതിന് ഗുണഭോക്താവ് നൽകിയ അപേക്ഷയോ, നിർവ്വഹണ ഉദ്യോഗസ്ഥൻ ഭവന നിർമ്മാണ പുരോഗതി പരിശോധിച്ചതിന്റെയോ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

3. രമണി നിരിക്കൽ എന്ന ഗുണഭോക്താവ് തമിഴ്നാട് സംസ്ഥാനത്തിലെ പട്ടികജാതി വിഭാഗത്തിൽ പെട്ടയാളാണ് എന്ന ജാതി സർട്ടിഫിക്കറ്റ് ആണ് ഹാജരാക്കിയിട്ടുള്ളത്.

4. പദ്ധതിയുടെ മറ്റൊരു ഗുണഭോക്താവായ സദാശിവൻ ചിറ്റൂർ എന്ന ഗുണഭോക്താവും തമിഴ്നാട് സംസ്ഥാനത്തിലെ പട്ടികജാതി വിഭാഗത്തിലെ പള്ളൻ സമുദായത്തിൽ പെട്ട ആളാണ്. ഇത്തരത്തിൽ ആനുകൂല്യം നൽകിയത് സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമാണ്. മേൽ ഗുണഭോക്താക്കൾക്ക് 200000 രൂപ വീതം ആകെ 400000 രൂപ ധനസഹായം നൽകിയിട്ടുണ്ട്.

മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 6/16-17 തീയതി 22/6/17 – ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 230000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-8 പട്ടിക വർഗ്ഗക്കാർക്ക് ഭവന നിർമ്മാണം - രേഖകൾ ഓഡിറ്റിന് പര്യാപ്തമായ രീതിയിൽ സൂക്ഷിച്ചിട്ടില്ല.

പ്രോജക്റ്റ് നം - 221/17

പ്രോജക്റ്റിന്റെ പേര് - പട്ടിക വർഗ്ഗക്കാർക്ക് ഭവന നിർമ്മാണം

അടങ്കൽ - വികസന ഫണ്ട് - ജനറൽ - 4700000

- എസ്.സി.പി - 8400000

- കേന്ദ്രാവിഷ്കൃതം - 5800000

ആകെ - 18900000

ബിൽ നം.4/16-17 തീയതി 14/10/16 തുക 3015000

ബിൽ നം.5/16-17 തീയതി 31/10/16 തുക 945000

ബിൽ നം.10/16-17 തീയതി 23/11/16 തുക 2240000

ബിൽ നം.12/16-17 തീയതി 20/01/17 തുക 2200000

ബിൽ നം. 15/16-17 തീയതി 16/02/17 തുക 4700000

കേന്ദ്രാവിഷ്കൃതം

ചെക്ക് നം 170754 തീയതി 19/01/2017 375000

ചെക്ക് നം 170791 തീയതി 20/02/2017 890000

ചെക്ക് നം 1953938 തീയതി 21/02/2017 730000

ചെക്ക് നം 173418 തീയതി 25/03/2017 420000

ചെക്ക് നം 173429തീയതി 28/03//2017 1440000

ചെക്ക് നം 173443 തീയതി 30/03/2017 420000

ആകെ 17375000

മേൽ പ്രോജക്ട് പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിലെ പട്ടിക വർഗ്ഗ വിഭാഗക്കാരായ ഗുണഭോക്താക്കൾക്ക് വിവിധ ഗഡു തുക പിൻവലിച്ചിട്ടുണ്ട്. ഓഡിറ്റിന് രേഖകൾ ഹാജരാക്കിയിട്ടുണ്ടെങ്കിലും ആയവ ഓഡിറ്റിന് പര്യാപ്തമായ രീതിയിലല്ല. ചെലവ് സംബന്ധിച്ച രേഖകൾ ഓഡിറ്റിന് പര്യാപ്തമായി രീതിയിൽ ക്രമപ്പെടുത്തി മുഴുവൻ രേഖകളും ഹാജരാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 20 /16-17 തീയതി22/6/17 മറുപടി ലഭ്യമാക്കിയിട്ടില്ല. 17375000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-9 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്ന് ലഭിച്ചിട്ടില്ല- തടസ്സം 200000

പ്രൊജക്ടിന്റെ നമ്പർ - 4/17

പ്രൊജക്ടിന്റെ പേര് - ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ

അടങ്കൽ - മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) - 200000

ബിൽ നമ്പർ - 1/16-17 തീയതി - 31/01/2017 തുക – 200000

തിരുനെല്ലി ഗ്രാമപഞ്ചായത്തിലെ ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി മേൽ പ്രൊജക്ട് പ്രകാരം വകയിരുത്തുകയും പിൻവലിക്കുകയും ചെയ്ത 200000 രൂപ ഹോംകോയ്ക്ക് അടച്ചിട്ടുണ്ട്. ആയതി 2594 തീയതി 15/2/17 raനമ്പർ രശീത് ഹോംകോയിൽ നിന്ന് ലഭിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തീയതി വരെ മരുന്ന് ലഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 5/16-17 തീയതി 22/6/17 – ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 200000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഭാവിയി സ്ഥാപനവുമായി വിതരണ കാലാവധി ഉൾപ്പെടെ വ്യവസ്ഥ ചെയ്ത് ഉടമ്പടി വെച്ച ശേഷം തുക നൽകുന്നത് അഭികാമ്യമായിരിക്കും.

## 3-10 മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നും മരുന്ന് ലഭിച്ചില്ല - തടസ്സം 85758 രൂപ.

2016-17 സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന പ്രൊജക്ടുകളുടെ നിർവ്വഹണത്തിന്റെ ഭാഗമായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും മരുന്നുകളും ഉപകരണങ്ങൾ എന്നിവ ലഭിക്കുന്നതിന് തുക നൽകിയിട്ടുണ്ട്

I.പ്രൊജക്ടിന്റെ നമ്പർ - 235/17

പ്രൊജക്ടിന്റെ പേര് - ആദിവാസി വനിതകളുടെ ഗർഭകാല പരിചരണം

അടങ്കൽ - വികസന ഫണ്ട് - ടി.എസ്.പി - 85567

ബിൽ നമ്പർ 10/16-17 തീയതി 30/03/2017 തുക 36671

മേൽ പ്രൊജക്ട് നിർവ്വഹണത്തിന്റെ ഭാഗമായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും മരുന്ന്, മെഡിക്കൽ ഉപകരണങ്ങൾ എന്നിവ ലഭിക്കുന്നതിനായി മേൽ ബിൽ പ്രകാരം പിൻവലിച്ച തുകയിൽ നിന്നും തുക നൽകിയിട്ടുണ്ട്. ആയതിൽ താഴെപ്പറയും പ്രകാരം മരുന്നുകളോ ഉപകരണങ്ങളോ ലഭിക്കാനുണ്ട്.

| ക്രമ നമ്പർ | കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ പ്രഫോർമ ഇൻവോയ്സ് നം തീയതി | തുക |
|---|---|---|
| 1 | PRF4170/ 23.3.17 | 5811 |
| 2 | PRF 902/27.3.17 | 7557 |
| 3 | PRF 4174 /23.3.17 | 4590 |
| | ആകെ | 17958 |

II.പ്രൊജക്ടിന്റെ നമ്പർ - 34/17

പ്രൊജക്ടിന്റെ പേര് - വയോജന മാനസിക ആരോഗ്യ സുരക്ഷ – ഇംഹാൻസ് ക്യാമ്പിലേക്ക്

മരുന്ന് വാങ്ങൽ

അടങ്കൽ - തനത് ഫണ്ട് - 100000

ചെക്ക് നമ്പർ 2039417തീയതി 21/03/2017 തുക 100000

ഗ്രാമപഞ്ചായത്ത് പരിധിയിലെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ഇംഹാൻസ് നടത്തുന്ന മാനസിക ആരോഗ്യ ക്യാമ്പിലേക്ക് മരുന്ന് വാങ്ങുന്നതിനായി മേൽ പ്രകാരം

തുക പിൻവലിച്ചിട്ടുണ്ട്. മരുന്ന് ലഭ്യമാക്കിയതിന്റെ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല.

III.പ്രൊജക്ടിന്റെ നമ്പർ - 35/17

പ്രൊജക്ടിന്റെ പേര് - പാലിയേറ്റീവ് കെയർ പദ്ധതിക്ക് ധനസഹായം

അടങ്കൽ - വികസന ഫണ്ട് - 500000

ബിൽ നമ്പർ 1/16-17 തീയതി 11/11/16 തുക 178694

ബിൽ നമ്പർ 2/16-17 തീയതി 15/03/17 തുക 125861

ബിൽ നമ്പർ 11/16-17 തീയതി 30/03/17 തുക 169213

ആകെ 473768

പാലിയേറ്റീവ് കെയർ പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി മേൽ ബിൽ പ്രകാരം പിൻവലിച്ച തുകയിൽ നിന്നും താഴെപ്പറയുന്ന തുക കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിൽ മരുന്ന് ലഭ്യമാക്കുന്നതിനായി ഒടുക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ പ്രഫോർമ ഇൻവോയ്സ് നം തീയതി | തുക |
|---|---|---|
| 1 | PFR3719/18/3/17 | 40000 |
| 2 | PFR716/18/3/17 | 27800 |
| | ആകെ | 67800 |

മേൽ പ്രൊജക്ടുകൾ പ്രകാരം കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിൽ മരുന്നുകൾ , ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് തുക നൽകിയിട്ടുണ്ടെങ്കിലും മരുന്നുകൾ ലഭ്യമാക്കിയതിന്റെ വിവരം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 3/16-17 തീയതി22/6/17 ക്ക് മറുപടി നൽകിയിട്ടില്ല. 185758 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## **3-11** <u>പൂർത്തികരണ കാലാവധിക്ക് ശേഷം നടത്തിയ മരാമത്ത് പ്രവൃത്തികൾക്ക് തുക അനുവദിച്ചത് ക്രമ വിരുദ്ധം</u>

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2112 വകുപ്പ് പ്രകാരം പൂർത്തികരണകാലാവധി ദീർഘീകരണത്തിന് കാലാവധി തീരുന്നതിന് മുമ്പ് അസി. എഞ്ചിനീയർ മുഖേന അപേക്ഷിക്കേണ്ടതാണ്. ദീർഘിപ്പിക്കുന്ന കാലയളവ് ഒറ്റതവണ, പൂർത്തികരണത്തിന് അനുവദിച്ച കാലാവധിയുടെ 25%ത്തിൽ അധികരിക്കാൻ പാടില്ല. പരമാവധി ദീർഘീകരണം പൂർത്തികരണത്തിന് അനുവദിച്ച കാലാവധിയുടെ 50% - ത്തിൽ അധികരിക്കാൻ പാടില്ലാത്തതുമാണ്. 2112.1 വകുപ്പ് അനുസരിച്ച് പൂർത്തികണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ടിവരുന്ന ഘട്ടത്തിൽ പിഴ ഈടാക്കേണ്ടതാണ്. കൂടാതെ, ദീർഘീകരണ അനുമതി ലഭിക്കാതെ പൂർത്തികരണകാലാവധിക്ക് ശേഷം നിർവ്വഹിച്ച പ്രവർത്തികൾ അനധികൃതമാണ്. അതിന് തുക നൽകാവുന്നതുമല്ല.

പൊതുമരാമത്ത് മാന്വൽ പ്രകാരം പിഴയോടുകൂടിയല്ലാതെ കാലാവധി ദീർഘീകരണം അനുവദിക്കാവുന്നതല്ല. ആദ്യ ദീർഘീകരണം കരാർതുകയുടെ 1% -വും പിന്നീടുള്ള ദീർഘീകരണം കരാർതുകയുടെ 2%-വും പിഴയായി ചുമത്തികൊണ്ടുമാണ് നടത്തേണ്ടത്. എന്നാൽ നഗരസഭ കരാറുകാരനുമായി ചമച്ച ഉഭയകക്ഷി കരാറിലെ 7-ാം വ്യവസ്ഥയിൽ ആകെ ദീർഘീകരണ സമയത്തിന്റെ 20% സമയം പിഴയില്ലാതെയും അതുകഴിഞ്ഞ് ആദ്യ 3 മാസം വരെ സമയം കരാർതുകയുടെ 1% -വും പിന്നീടുള്ള ഒരോ 3 മാസത്തിനും കരാർതുകയുടെ 2%-വും പിഴയായി ചുമത്തികൊണ്ട് കാലാവധി നീട്ടികൊടുക്കുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണിത്.

പൊതുമരാമത്ത് വകുപ്പ് മാന്വലിലെ 2116.1 വകുപ്പനുസരിച്ച് കരാറുഉടമ്പടിയിലെ വ്യവസ്ഥകൾ ലംഘിക്കപ്പെട്ടാൽ കരാർ റദ്ദ് ചെയ്ത് പ്രവൃത്തി മറ്റ് വിധത്തിൽ പൂർത്തിയാക്കാവുന്നതാണ്. കരാറുകാരൻ പ്രവൃത്തിയിൽ നിർദ്ദിഷ്ട പുരോഗതി കൈവരിക്കാത്തതിനോ, നിശ്ചിത സമയപരിധിക്കകം പൂർത്തികരിച്ച് സ്ഥലം കൈമാറ്റം ചെയ്യാത്തതിനോ കരാർ തുകയുടെ 0.1% ഒരോ ആഴ്ചക്കും ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കേണ്ടതാണ്. 2116.2 വകുപ്പ് അനുസരിച്ച് അവശേഷിക്കുന്ന പ്രവൃത്തിയുടെ 30% തുക കരാറുഉടമ്പടി ലംഘിച്ച കരാറുകാരനിൽ നിന്നും ഈടാക്കണം.

ക്രമപ്രകാരമല്ലാതെ തുക അനുവദിച്ച പ്രോജക്ടുകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

I)

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0273/16-17 |
| പ്രോജക്ടിന്റെ പേര് | വെള്ളറ കോളനി പകൽവീട് ഫുട്പാത്ത് കോൺക്രീറ്റ്. |
| അടങ്കൽ | 3 ലക്ഷം രൂപ (ടി.എസ്.പി.) |

| | |
|---|---|
| സാങ്കതിക അനുമതി | 887/14-15, 16.02.2015 |
| ചെലവ് | 300000/-രൂപ ട്രഷറി ബിൽ നം. 31/16-17, 31/03/2017 |
| എം. ബുക്ക് നമ്പർ | 01/15-16 (01-13) |
| കരാറുകാരൻ | ശ്രീ. വി.യു. ജോസഫ് |
| കരാറുടമ്പടി നമ്പർ | 107/14-15, 21/03/2015 |
| പി.എ.സി. | 298905/-രൂപ |
| സപ്ലിമെന്ററി എഗ്രിമെന്റ് | ഇല്ല. |
| സൈറ്റ് കൈമാറിയ തിയ്യതി | സൈറ്റ് കൈമാറിയതിന്റെ രേഖ ഫയലില്ല |
| പ്രവൃത്തി പൂർത്തികണ തീയതി | 31/03/15 |
| പ്രവൃത്തി പൂർത്തികരിച്ച തീയ്യതി | 24/03/2017 (എം. ബുക്ക് പേജ് നം. - 9) |

കരാർ ഉടമ്പടിയിൽ പൂർത്തികണ തീയതി രേഖപ്പെടുത്തിയിട്ടില്ല. പ്രവർത്തന കലണ്ടർ പ്രകാരം പ്രവൃത്തി പൂർത്തികരിക്കണമെന്നാണ് കരാറിലുള്ളത്. പ്രവർത്തന സമയക്രമമായി പ്രോജക്ടിൽ 3/2015 - എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

അളവ് പുസ്തക (പേജ് 1) പ്രകാരം 06.05.2016- നാണ് പ്രവൃത്തി ആരംഭിച്ചിട്ടുള്ളത് (ആദ്യ അളവ് രേഖപ്പെടുത്തിയ തീയതി). പ്രവൃത്തി ആരംഭിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 06.06.2015 -ന് അസി. എഞ്ചിനീയർ നോട്ടീസ് നൽകിയിട്ടുണ്ട്. ആയതിന് കരാറുകാരൻ മറുപടി നൽകിയതായി കാണുന്നില്ല. എന്നാൽ "സ്ഥല സംബന്ധമായ തർക്കം പരിഹരിക്കാൻ താമസിച്ചതുകൊണ്ട് സമയ ബന്ധിതമായി പ്രവൃത്തി പൂർത്തികരിക്കാൻ സാധിച്ചിട്ടില്ല ആയതിനാൽ പിഴകൂടാതെ ബിൽ തുക അനുവദിക്കണമെന്ന" കരാറുകാരന്റെ തീയതി രേഖപ്പെടുത്താത്ത അപേക്ഷ ഫയലിൽ ഉണ്ട്. കരാറുകാരനിൽ നിന്നും പിഴ ഈടാക്കാതെയാണ് വർക്ക് ബിൽ തുക അനുവദിച്ചിട്ടുള്ളത്.

മേൽ പറഞ്ഞ വിഷയവുമായി ബന്ധപ്പെട്ട ന്യൂനതകൾ താഴെ പറയുന്നു.

1. നാളിതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ല എന്ന് കാണിച്ച് 06.06.2015 -ന് അസി. എഞ്ചിനീയർ നോട്ടീസ് നൽകിയെങ്കിലും തുടർ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.
2. കരാറുകാരൻ പൂർത്തികണ സമയം ദീർഘിപ്പിക്കുന്നതിന് അപേക്ഷ സമർപ്പിച്ചതായോ ഭരണസമിതി പൂർത്തികരണ സമയം

ദീർഘിപ്പിച്ചുനൽകിയതായോ കാണുന്നില്ല. അതിനാൽ പൊതുമരാമത്ത് വകുപ്പ് മാന്വലിലെ 2116.1, 2116.2 വകുപ്പുകൾ അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കേണ്ടതായിരുന്നു. സമയ ദീർഘീകരണം ലഭിക്കാതെ പൂർത്തികരണ തീയതിക്ക് ശേഷം ചെയ്ത പ്രവൃത്തികൾ അനധികൃതമാണ്. ആയതിന് തുക അനുവദിക്കാവുന്നതല്ല.

1. കരാറുകാരൻ ഏറ്റെടുത്ത വർക്ക് സൈറ്റിൽ തർക്കമുണ്ടെങ്കിൽ ഇത് യഥാസമയം ഗ്രാമപഞ്ചായത്തിനെ അറിയിക്കേണ്ടത് കരാറുകാരന്റെ ചുമതലയാണ്. തർക്കം സംബന്ധിച്ച യാതൊരു പരാതിയും നഗരസഭയിൽ ലഭിച്ചതായി കാണുന്നില്ല. വാർഡ് മെമ്പറുടെയോ, ഗ്രാമസഭയുടെയോ അപേക്ഷ ഈക്കാര്യത്തിൽ ലഭിച്ചതായും കാണുന്നില്ല (ഉണ്ടെങ്കിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്). അതിനാൽ പിഴ ഈടാക്കാതെ ബിൽ തുക അനുവദിക്കണമെന്ന കാരാറുകാരന്റെ അപേക്ഷയും അംഗീകരിക്കാവുന്നതല്ല.

   ഭരണസമിതി കാലാവധി ദീർഘീകരണം അനുവദിക്കാത്ത പ്രവൃത്തിക്ക് തുക അനുവദിച്ചത് അംഗീകരിക്കാവുന്നതല്ല. കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ പ്രകാരമുള്ള പിഴയും ഈടാക്കിയിട്ടില്ല. ലിക്വിഡേറ്റഡ് ഡാമേജായി ഒരോ ആഴ്ചക്കും 0.1% നിരക്കിൽ 31/03/15 മുതൽ 24/03/2017 വരെ 723 ദിവസത്തേക്ക് 29890/-രൂപയും (298905 X 723/7 X 0.1/ 100 = 10.33, ലിമിറ്റഡ് ടു 10% ) ഈടാക്കാതെയാണ് ഫൈനൽ ബിൽ നല്കിയിട്ടുള്ളത്. അതിനാൽ പിഴ തുകയായ 29890/-രൂപ ഓഡിറ്റ് നിരാകരിക്കുന്നു. ഭരണസമിതി സമയ ദീർഘീകരണം അനുവദിക്കാത്തതിനാൽ പൂർത്തികരണ സമയത്തിന് ശേഷം നിർവ്വഹണം നടത്തിയ പ്രവൃത്തികൾ അനധികൃതമാണ് എന്നതിനാൽ ബാക്കി ചെലവ് തുക 270110/- രൂപ (300000 - 29890) ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

II)

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0286/16-17 |
| പ്രോജക്ടിന്റെ പേര് | കാട്ടികുളം ടൌൺ ഓവുചാലിന് സ്ലാബ് ഇടൽ |
| അടങ്കൽ | 5 ലക്ഷം രൂപ (തനത് ഫണ്ട്) |
| സാങ്കതിക അനുമതി | 900/14-15, 16.02.2015 |
| ചെലവ് | 365172/-രൂപ[വൌച്ചർ നം. 12/16-17, 31/01/2017 |
| എം. ബുക്ക് നമ്പർ | 163/15-16 (01-13) |
| കരാറുകാരൻ | ശ്രീ. എൻ.വി. ബാബു |
| കരാറുടമ്പടി നമ്പർ | 102/14-15, 21/03/2015 |

| | |
|---|---|
| പി.എ.സി. | 5ലക്ഷം/-രൂപ |
| സപ്ലിമെന്ററി എഗ്രിമെന്റ് | ഇല്ല. |
| സൈറ്റ് കൈമാറിയ തിയ്യതി | സൈറ്റ് കൈമാറിയതിന്റെ രേഖ ഫയലില്ല |
| പ്രവൃത്തി പൂർത്തികണ തീയതി | 31/03/15 |
| പ്രവൃത്തി പൂർത്തികരിച്ച തീയ്യതി | 16/10/2016 (എം. ബുക്ക് പേജ് നം. - 10) |

കരാർ ഉടമ്പടിയിൽ പൂർത്തികരണ തീയതി രേഖപ്പടുത്തിയിട്ടില്ല. പ്രവർത്തന കലണ്ടർ പ്രകാരം പ്രവൃത്തി പൂർത്തികരിക്കണമെന്നാണ് കരാറിലുള്ളത്. പ്രവർത്തന സമയക്രമമായി പ്രോജക്ടിൽ 2014-15 എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

അളവ് പുസ്തക (പേജ് 5) പ്രകാരം 20.05.2016- നാണ് പ്രവൃത്തി ആരംഭിച്ചിട്ടുള്ളത് (ആദ്യ അളവ് രേഖപ്പെടുത്തിയ തീയതി). പ്രവൃത്തി ആരംഭിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 06.06.2015 -ന് അസി. എഞ്ചിനീയർ നോട്ടീസ് നൽകിയിട്ടുണ്ട്. ആയതിന് കരാറുകാരൻ മറുപടി നൽകിയതായി കാണുന്നില്ല. കരാറുകാരനിൽ നിന്നും 1% പിഴ (3689/- രൂപ) ഈടാക്കിയാണ് വർക്ക് ബിൽ തുക അനുവദിച്ചിട്ടുള്ളത്.

മേൽ പറഞ്ഞ വിഷയവുമായി ബന്ധപ്പെട്ട ന്യൂനതകൾ താഴെ പറയുന്നു.

1. നാളിതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ല എന്ന് കാണിച്ച് 06.06.2015 -ന് അസി. എഞ്ചിനീയർ നോട്ടീസ് നൽകിയെങ്കിലും തുടർ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

2. കരാറുകാരൻ പൂർത്തികണ സമയം ദീർഘിപ്പിക്കുന്നതിന് അപേക്ഷ സമർപ്പിച്ചതായോ ഭരണസമിതി പൂർത്തികരണ സമയം ദീർഘിപ്പിച്ചുനൽകിയതായോ കാണുന്നില്ല. അതിനാൽ പൊതുമരാമത്ത് വകുപ്പ് മാന്വലിലെ 2116.1, 2116.2 വകുപ്പുകൾ അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കേണ്ടതായിരുന്നു. സമയ ദീർഘീകരണം ലഭിക്കാതെ പൂർത്തികരണ തീയതിക്ക് ശേഷം ചെയ്ത പ്രവൃത്തികൾ അനധികൃതമാണ്. ആയതിന് തുക അനുവദിക്കാവുന്നതല്ല.

3. നിയമ പ്രകാരം ഈടാക്കേണ്ടിയിരുന്നതോ, കരാർ ഉടമ്പടി പ്രകാരം ഈടാക്കേണ്ടിയിരുന്നതോ ആയ തുകയല്ല പിഴയായി ഈടാക്കിയിട്ടുള്ളത്.

ഭരണസമിതി കാലാവധി ദീർഘീകരണം അനുവദിക്കാത്ത പ്രവൃത്തിക്ക് തുക അനുവദിച്ചത് അംഗീകരിക്കാവുന്നതല്ല. കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ പ്രകാരമുള്ള പിഴയും ഈടാക്കിയിട്ടില്ല. 3689/- രൂപയാണ് പിഴയായി ഈടാക്കിയിട്ടുള്ളത്. ലിക്വിഡേറ്റഡ് ഡാമേജായി ഓരോ ആഴ്ചക്കും 0.1% നിരക്കിൽ 31/03/15 മുതൽ 16/10/2016 വരെ 565 ദിവസത്തേക്ക് 40350/- രൂപയാണ് (500000 X 565/7 X 0.1/ 100 = 8.07 ) ഈടാക്കേണ്ടിയിരുന്നത്. അതിനാൽ ബാക്കി പിഴ തുകയായ

36661/-രൂപ (40350 - 3689) ഓഡിറ്റ് നിരാകരിക്കുന്നു. ഭരണസമിതി സമയ ദീർഘീകരണം അനുവദിക്കാത്തതിനാൽ പൂർത്തികരണ സമയത്തിന് ശേഷം നിർവ്വഹണം നടത്തിയ പ്രവൃത്തികൾ അനധികൃതമാണ് എന്നതിനാൽ ബാക്കി ചെലവ് തുക 328511/- രൂപ (365172 - 36661) ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

22.06.2017 -ലെ ഓഡിറ്റ് എൻക്വയറി നം. 07/2016-17 -ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അയതിനാൽ മേൽപറഞ്ഞ നിരാകരിച്ച തുകകൾ - ആകെ തുക 66551/-രൂപ ( 29890 + 36661) ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്. മേൽപറഞ്ഞ ഓഡിറ്റ് തടസ്സത്തിൽ വെച്ച തുകകൾ നിരാകരിക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ അറിയിക്കേണ്ടതുമാണ്.

## 3-12 ഗുണഭോക്തൃസമിതികൾ മുഖാന്തിരം നടപ്പിലാക്കിയ നിർമ്മാണ പ്രവൃത്തികൾക്ക് അധികമായി വാങ്ങിയ സ്റ്റീൽ പഞ്ചായത്തിൽ ഏൽപ്പിച്ചിട്ടില്ല.

ഗുണഭോക്തൃസമിതികൾ മുഖാന്തിരം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ താഴെ പറയുന്ന നിർമ്മാണപ്രവൃത്തികളിൽ അളവ് പുസ്തക പ്രകാരം ഉപയോഗിച്ചതിലും അധികം സ്റ്റീൽ വാങ്ങിയതായാണ് ഗുണഭോക്തൃസമിതികളുടെ ചെലവ് കണക്കുകൾ പരിശോധിച്ചതിൽ കാണുന്നത്. അധികമായി വാങ്ങിയ സാധനങ്ങൾ പഞ്ചായത്തിൽ ഏൽപ്പിച്ചിട്ടില്ല. ഗുണഭോക്തൃസമിതി കൺവീനറുമായി പഞ്ചായത്ത് ചമച്ച ഉഭയകക്ഷി കരാറിലെ വ്യവസ്ഥ പ്രകാരം ബാക്കി വരുന്ന സാധനങ്ങൾ കേട്ടുകൂടാതെ ഗ്രാമപഞ്ചായത്തിൽ ഏൽപ്പിക്കേണ്ടതാണ്.

I)

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0280/17 |
| പ്രോജക്ടിന്റെ പേര് | തോൽപ്പെട്ടി പട്ടികവർഗ്ഗ വനിത സമുച്ചയം നിർമ്മാണം. |
| അടങ്കൽ | 12 ലക്ഷം രൂപ (വികസന ഫണ്ട് - ടി.എസ്.പി) |
| സാങ്കതിക അനുമതി | AEE/LSGD/768/14-15, 08.01.2015 |
| ചെലവ് | 1)372679/-രൂപ [ട്രഷറി ബിൽ നം. 01/15-16, 03/06/2015]<br>2)124935/-രൂപ [ട്രഷറി ബിൽ നം. 112/15-16, 31/03/2016]<br>3)392911/-രൂപ [ട്രഷറി ബിൽ നം. 12/16-17, 06/03/2017] |
| എം. ബുക്ക് നമ്പർ | 122/14-1(1-40) |
| കൺവീനർ | ശ്രീ. ബിനു രാമൻ |

| | |
|---|---|
| കരാറുടമ്പടി നമ്പർ | 78/4-15, 09/02/2015 |

മേൽ പ്രവൃത്തിക്ക് അളവ് പുസ്തക (പേജ് നം. 27) പ്രകാരം 17.17ക്വിന്റൽ സ്റ്റീലാണ് ഉപയോഗിച്ചിട്ടുള്ളത്. എന്നാൽ ഗുണഭോക്തൃസമിതിയുടെ കണക്കുകൾ പ്രകാരം 106012/-രൂപ ചെലവിൽ ആകെ 27.6ക്വിന്റൽ സ്റ്റീലാണ് പ്രവൃത്തിക്ക് വാങ്ങിയിട്ടുള്ളത്. ഗുണഭോക്തൃസമിതി സ്റ്റീൽ വാങ്ങിയതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ബിൽ നമ്പർ / തീയതി | സ്ഥാപനം | വാങ്ങിയ അളവ് (ക്വിന്റൽ) | ബിൽ തുക |
|---|---|---|---|---|
| 1 | ഇല്ല/11.03.2015 | എൻ.ആർ. ട്രേഡേഴ്സ്, കാട്ടികുളം | 20 | 75600 |
| 2 | 4490/22.02.2015 | -ടി- | 7.6 | 30412 |
| | | ആകെ | 27.6 | 106012 |

അധികമായി വാങ്ങിയ 10.43 ക്വിന്റൽ സ്റ്റീൽ (27.6 - 17.17) പഞ്ചായത്തിൽ ഏൽപ്പിച്ചതായി കാണുന്നില്ല. പഞ്ചായത്തിൽ രേഖാമൂലം ഏൽപ്പിക്കേണ്ടിയിരുന്ന 10.43 ക്വിന്റൽ സ്റ്റീലിന്റെ വിലയായ 41736/-രൂപ ( 10.43 X 4001.58 ) ഓഡിറ്റ് നിരാകരിക്കുന്നു (അവസാനം സ്റ്റീൽ വാങ്ങിയ ബില്ലിലെ നിരക്ക് പ്രകാരം).

II)

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0280/17 |
| പ്രോജക്ടിന്റെ പേര് | അരണപ്പാറ പട്ടികവർഗ്ഗ വനിത സമുച്ചയം നിർമ്മാണം. |
| അടങ്കൽ | 13 ലക്ഷം രൂപ (വികസന ഫണ്ട് - ടി.എസ്.പി) |
| സാങ്കേതിക അനുമതി | AEE/LSGD/769/14-15, 08.01.2015 |
| ചെലവ് | 1187972/-രൂപ [ട്രഷറി ബിൽ നം. 07/16-17, 30/11/2016] |
| എം. ബുക്ക് നമ്പർ | 158/15-16(1-3), 161/15-16(1-51) |
| കൺവീനർ | ശ്രീ. രതീഷ് |
| കരാറുടമ്പടി നമ്പർ | 78/4-15, 09/02/2015 |

മേൽ പ്രവൃത്തിക്ക് അളവ് പുസ്തക (161/15-16, പേജ് നം. 47) പ്രകാരം 24.34 ക്വിന്റൽ സ്റ്റീലാണ് ഉപയോഗിച്ചിട്ടുള്ളത്. എന്നാൽ ഗുണഭോക്തൃസമിതിയുടെ കണക്കുകൾ പ്രകാരം 165424/-രൂപ ചെലവിൽ ആകെ 40.64 ക്വിന്റൽ സ്റ്റീലാണ് പ്രവൃത്തിക്ക് വാങ്ങിയിട്ടുള്ളത്. ഗുണഭോക്തൃസമിതി സ്റ്റീൽ വാങ്ങിയതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ബിൽ നമ്പർ / തീയതി | സ്ഥാപനം | വാങ്ങിയ അളവ് (ക്വിന്റൽ) | ബിൽ തുക |
|---|---|---|---|---|
| 1 | 3044/15.10.2016 | എൻ.ആർ. ട്രേഡേഴ്സ്, കാട്ടികുളം | 11.58 | 47599 |
| 2 | 3050/15.10.2016 | -ടി- | 2.59 | 9760 |
| 3 | 3097/20.10.2016 | -ടി- | 12.62 | 52100 |
| 4 | 3143/24.10.2016 | -ടി- | 13.85 | 55965 |
| | | ആകെ | 40.64 | 165424 |

അധികമായി വാങ്ങിയ 16.30 ക്വിന്റൽ സ്റ്റീൽ (40.64 - 24.34) പഞ്ചായത്തിൽ ഏൽപ്പിച്ചിതായി കാണുന്നില്ല. അതിനാൽ പഞ്ചായത്തിൽ ഏൽപ്പിക്കേണ്ടിയിരുന്ന 10.43 ക്വിന്റൽ സ്റ്റീലിന്റെ വിലയായ 65865/-രൂപ ( 16.30 X 4040.79) ഓഡിറ്റ് നിരാകരിക്കുന്നു (അവസാനം സിമന്റ് വാങ്ങിയ ബില്ലിലെ നിരക്ക് പ്രകാരം).

21.06.2017 -ലെ ഓഡിറ്റ് എൻക്വയറി നം. 04/2016-17- ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ജില്ലാപഞ്ചായത്തിനുണ്ടായ ആകെ നഷ്ടം 107601-രൂപ (I - 41736 + II- 65865) ഉത്തരവാദികളിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 1390740 | സമഗ്ര നെൽകൃഷി വികസനം | 1390740 | 0 |
| | 963900 | പ്രഭാത ഭക്ഷണം | 963900 | 0 |
| മാനന്തവാതി ബ്ലോക്ക് പഞ്ചായത്ത് | 206268 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 206268 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവർത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവർത്തി നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വില്ല്/ ചെക്ക് നം | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം |
|---|---|---|---|---|---|
| KWA | നരിക്കൽ , പുതിയൂർ അംഗണവാടികൾക്ക് ടാപ്പ് സ്ഥാപിക്കൽ | 1773308/03-3.11.16 | 15000 | 0 | പൂർത്തീകരിച്ചിട്ടില്ല |
| | ബാവലി കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | 173435/29.3.17 | 1920000 | 0 | പൂർത്തീകരിച്ചിട്ടില്ല |
| | പുതിയൂർ , വെള്ളറ , കുറുമൻകൊല്ലിപൈപ്പ് ലൈൻ നീട്ടൽ | 173435/29.3.17 | 412963 | 0 | പൂർത്തീകരിച്ചിട്ടില്ല |
| GWD | വിവിധ സ്ഥലങ്ങളിൽ കുഴൽ കിണർ സ്ഥാപിക്കൽ | 31.3.2017 | 226580 | 0 | പൂർത്തീകരിച്ചിട്ടില്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്.

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | തൻ വർഷം ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | സ.ഉ(സാധാ.)531/2010 തസ്വഭവ തീയതി 18.02.2010 | 27623750 | - | 9083650 | 775000 | - | 8308650 |
| തിരുനെല്ലി ഭവന പദ്ധതി | സ.ഉ(സാധാ.)04/ ഡിസി1/10 തസ്വഭവ തീയതി: 09.02.2016 | 26200000 | 13200000 | 13000000 | 3100000 | 475562 | 23100000 |
| കെ.യു.ആർ. ഡി .എഫ്. സി (ഷോപ്പിംഗ് കോംപ്ലക്സ് ) | സ.ഉ(സാധാ.)586/16 /തസ്വഭവ തീയതി: 12.02.2016 | 6073923 | 3323000 | 2750923 | 900000 | 631687 | 5173923 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് | സമാഹൃത | വിഷയം | നിലവിലെ |
|---|---|---|---|

| | | | |
|---|---|---|---|
| വർഷം ഖണ്ഡിക | റിപ്പോർട്ട് വർഷം ,ഖണ്ഡിക | | അവസ്ഥ |
| പ്രവർത്തന ക്ഷമതാ ഓഡിറ്റഅ റിപ്പോർട്ട് | 2015-16, 3.6.2 3.7.1 , 3.7.11 | പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് അടിസ്ഥാന സൗകര്യമൊരുക്കൽ,എസ്. സി.പി/ടി.എസ്.പി പ്രവർത്തികളുടെ നിർവഹണം, പദ്ധതി നിർവഹണം - മാർഗ്ഗരേഖ | കേരള നിയമ സഭ മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു . |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 154434434 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 145700736 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 1200 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 174152 |

| | | |
|---|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 18067958 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ്ജ് | സർചാർജ്ജ് | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-4 | 1200 | | ശ്രീ രാജീവൻ,<br>സെക്രട്ടറി |
| 3-11(I) | | 29890 | ശ്രീ ഷിനോജ്<br>അസി . എഞ്ചിനീയർ |
| 3-11(II) | | 36661 | “ |
| 3-12(I) | | 41736 | “ |
| 3-12(II ) | | 65865 | “ |
| ആകെ | 1200 | 174152 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 177200 | ശ്രീ കെ രാജീവൻ ,<br>സെക്രട്ടറി ( ഇൻ ചാർജ്ജ് ) |
| 3-7 | 230000 | ശ്രീ കെ രാജീവൻ ,<br>സെക്രട്ടറി ( ഇൻ ചാർജ്ജ് ) |
| 3-8 | 17375000 | ശ്രീ കെ രാജീവൻ ,<br>സെക്രട്ടറി ( ഇൻ ചാർജ്ജ് ) |
| 3-9 | 200000 | ഡോ . ബീന ജോസ് .വി , മെഡിക്കൽ ഓഫീസർ , ഹോമിയോ |
| 3-10 | 185758 | ഡോ . ലിസാജ് ടി .പി |
| ആകെ | 18167958 | |

| | | |
|---|---|---|
| | | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേര് , ഉദ്യോഗപേര് | ഔദ്യോഗിക വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ ഷിനോജ് ടി .വി | അസി. എഞ്ചിനീയർ , തവിഞ്ഞാൽ ഗ്രാമ പഞ്ചായത്ത് . | തുടിയംപറമ്പിൽ വീട് , പയ്യംപള്ളി |
| ശ്രീ.കെ.രാജീവൻ, സെക്രട്ടറി | സെക്രട്ടറി, തിരുനെല്ലി ഗ്രാമപഞ്ചായത്ത് | സാരംഗ്, കണിയാരം പി.ഒ., മാനന്തവാടി. |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ.എഫ്.(ഡ്ബ്ള്യൂ).പി.5./622(2)/14 18.04.15 |
| 1998-99 | എൽ.എഫ്.(ഡ്ബ്ള്യൂ)പി5/622(4)/14/18.04.15 |
| 2001-02 | എൽ.എഫ്.(ഡ്ബ്ള്യൂ)പി 3/184\07 13.6.2005 |

| | |
|---|---|
| 2001-02 | എൽ.എഫ്.(ഡബ്ള്യു)പി3/.547\07 05.02.2008 |
| 2002-03 | എൽ.എഫ്.(ഡബ്ള്യു) പി 5./622(7)/14 18.04.15 |
| 2003-04 | എൽ.എഫ്.(ഡബ്ള്യു) പി 5. 622(8)/14 18.04.15 |
| 2005-06 | എൽ.എഫ്.(ഡബ്ള്യു)പി5/622(10)/14 18.04.15 |
| 2006-07 | എൽ.എഫ്.(ഡബ്ള്യു)പി 5 /622(11)/14 18.04.15 |
| 2007-08 | എൽ.എഫ്.(ഡബ്ള്യു)പി 5/ 622(12)/14 18.04.15 |
| 2008-09 | എൽ.എഫ്.(ഡബ്ള്യു)പി 5/ 622(13)/14 18.04.15 |
| 2009-10 | എൽ.എഫ്.(ഡബ്ള്യു)പി 5/ 622(14)/14 18.04.15 |
| 2010-11 | എൽ.എഫ്.(ഡബ്ള്യു)പി 5 /622(15)/14 18.04.15 |
| 2011-12 | എൽ.എഫ്.(ഡബ്ള്യു)പി 5 /622(16)/14 18.04.15 |
| 2012-13 | എൽ.എഫ്.(ഡബ്ള്യു)പി 5/ 713 \14 22.12.2014 |
| 2013-14 | കെഎസ്ഡബ്ല്യൂ.വൈ.ഡി.-പി4/478/15/ 10.08.2015 |
| 2014-15 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.-പി4/372/2016 |
| 2015-16 | നം.കെ.എസ്.എ.ഡബ്ള്യു.വൈ.ഡി .പി4/848/16 / 05.12.2016 |

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് ഓഫീസ്, വയനാട്.

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പ4-367/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

വയനാട്, കൽപ്പറ്റ.

പിൻ -673121

തിയ്യതി : 24/07/2017.

Email- dowyd.ksad@kerala.gov.in

സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് വകുപ്പ് നിയമത്തിൻെറ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും വയനാട് ജില്ലയിലെ തിരുനെല്ലി ഗ്രാമപഞ്ചായത്തിൻെറ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റുമെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എൻെറ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എൻെറ അഭിപ്രായത്തിൽ തിരുനെല്ലി ഗ്രാമപഞ്ചായത്തിൻെറ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം,വയനാട്.

No. KSA.WYD P4-367/17

Kerala State Audit Department

District Audit Office,

Wayanad, Kalpetta ,

Dated: 24/07/2017

Email- dowyd.ksad@kerala.gov.in

CERTIFICATE

Certified that I have audited the Annual Financial Statement of Thirunelly

GramaPanchayat in Wayanad District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the financial statements of Thirunelly Gramapanchayat for the year 2016-17, except the observations in My audit report, properly presents the picture of income and expenditure.

Senior Deputy Director

District office, Wayanad.